കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുന്നയൂർ ഗ്രാമപഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1726/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ : 0487 2331249
e-mail : dotsr.ksad@kerala.gov.in

തീയതി :04.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുന്നയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർ ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-12, 3-13 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1726 /2018 തീയ്യതി: 04.02.19

**തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.17 മുതൽ 31.3.2018 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ<br>ശ്രീ.സൈമൺ.കെ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8.10.18 മുതൽ 17.10.18 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | തുളസീദാസ്.വി.ജി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ഷൈനി കൃഷ്ണദാസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വിദ്യ വിക്രമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജോമോൻ.ഇ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | നിജു സി.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി.നഫീസക്കുട്ടി വലിയകത്ത് | 01/04/2017 മുതൽ 29.8.17 വരെ |
| ഷഹർബാൻ | 30.8.17 മുതൽ 31.3.18 |

സെക്രട്ടറി

| | |
|---|---|
| സെക്രട്ടറി ഇൻ ചാർജ്ജ് -എ.സയിദാബീഗം (അസി.സെക്രട്ടറി) | 1-4-17 മുതൽ 12.6.17വരെ |
| ഷാജി.ടി.എച്ച് | 13.6.17 മുതൽ 8.10.17 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് -എ.സയിദാബീഗം (അസി.സെക്രട്ടറി) | 9.10.17 മുതൽ 4.12.17 വരെ |
| ഷാജി.ടി.എച്ച് | 5.12.17 മുതൽ 6.12.17 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് -എ.സയിദാബീഗം (അസി.സെക്രട്ടറി) | 7.12.17 മുതൽ 23.1.18 വരെ |
| അനിൽകുമാർ.ജി | 24.1.18 മുതൽ 31-3-18 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | എ.സയിദാബീഗം | 1.4.17 മുതൽ 31.3.18 വരെ |
| അസി.എഞ്ചിനീയർ | നിഖിൽരാജ് സി.എൻ | 1.4.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | പ്രതീഷ് വി.എസ് | 1.4.17 മുതൽ 18.4.17 വരെ |
| | സിന്ധു.യു വി | 19.4.17 മുതൽ 5.7.17 വരെ |
| | സുജീഷ്. എസ് | 6.7.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി) | ഡോ.നിത ടി.ജി | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ചാന്ദ്നി കെ.ബി | 01.04.17 മുതൽ 1.8.17 വരെ |

| | | |
|---|---|---|
| | ഡോ. രാഖി.എൻ | 02.08.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.സഹീർ അബ്ദു | 01.04.17 മുതൽ 31.03.18 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | നിത ജോർജ് | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ്മിസ്ട്രസ് | ലിസ്സി. ടി.വി. | 01.04.17 മുതൽ 31.03.18 വരെ |
| വി ഇ ഒ (എടക്കഴിയൂർ സർക്കിൾ) | പ്രമോദ്. പി.ആർ | 01.04.17 മുതൽ 31.03.18 വരെ |
| വി ഇ ഒ (പുന്നയൂർ സർക്കിൾ) | ദീപക്. സി.ആർ. | 01.04.17 മുതൽ 31.03.18 വരെ |

<u>ഉള്ളടക്കം</u>


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ലൈഫ് ഭവന പദ്ധതി -ഭവനനിധി രൂപീകരിച്ച് ധനസമാഹരണം ആരംഭിച്ചിട്ടില്ല | 2-1 |
| 14 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 30,007/- രൂപ ഇനിയും ലഭ്യമായില്ല | 2-2 |

| | | |
|---|---|---|
| 15 | സാംഖ്യ സഞ്ചയ സംയോജനം - പ്യൂരിഫിക്കേഷൻ -അവലോകനം | 2-3 |
| 16 | രേഖകളുടെ അഭാവത്തിൽ വസ്തുനികുതി വരവ് പരിശോധിക്കുന്നതിനായില്ല | 2-4 |
| 17 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 2-5 |
| 18 | അനധികൃത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല:വസ്തുനികുതി ഡിമാന്റ് ചെയ്യപ്പെട്ടിട്ടില്ല | 2-6 |
| 19 | കെട്ടിട നിർമ്മാണങ്ങളുടെ ക്രമ വത്കരണം - ഫീസ് ഈടാക്കിയതിൽ കുറവ് | 2-7 |
| 20 | വിമുക്ത ഭടൻമാർക്ക് നികുതി ഒഴിവാക്കി നല്കൽ-ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല | 2-8 |
| 21 | പൊളിച്ചു മാറ്റപ്പെട്ടകെട്ടിടങ്ങളുടെ ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല | 2-9 |
| 22 | പുന്നയൂർ ഗ്രാമ പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കിയിട്ടില്ല | 2-10 |
| 23 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി-അവലോകനം | 2-11 |
| | ഭാഗം 3 | |
| 24 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ചു | 3-1 |
| 25 | പുന്നയൂർ കൃഷിഭവനിൽ സീഡ് ലാബ് നിർമ്മാണം - ജി.എസ്.ടി ഈടാക്കി എന്നാൽ അടവാക്കിയില്ല. | 3-2 |
| 26 | തനത് ഫണ്ട് വൌച്ചർ പരിശോധന – അപാകതകൾ | 3-3 |
| 27 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം- പ്രവൃത്തി പുരോഗതി അറിയിക്കേണ്ടതാണ്. | 3-4 |
| 28 | കുരഞ്ഞിയൂർ ശ്മശാനം അറ്റകുറ്റപണി- തുക കൈമാറിയിട്ടും നാളിതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല | 3-5 |
| 29 | KREWS മുഖേന നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 3-6 |
| 30 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി- തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ലഭ്യമല്ല. | 3-7 |
| 31 | പൂർത്തീകരണ സാക്ഷ്യ പത്രം,വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല | 3-8 |
| 32 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് - കൃത്യമായ വിവരം ലഭ്യമല്ല. | 3-9 |
| 33 | അംഗൻവാടി കെട്ടിടനിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല. | 3-10 |
| 34 | വിവാഹ ധനസഹായം -മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും അധികരിച്ച് നല്കിയ 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 3-11 |
| 35 | ഭവന നിർമ്മാണം 2015-16 ൽ ആരംഭിച്ചു -തുക കൈപ്പറ്റിയിട്ടും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 3-12 |
| 36 | പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ച് ഭൂമി വാങ്ങി നല്കിയിട്ട് വർഷങ്ങളായെങ്കിലും ഭവന നിർമ്മാണം നടത്തുകയോ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല- പഞ്ചായത്തിന്റെ ഫണ്ട് നിഷ്ക്രിയമായികിടക്കുന്നു | 3-13 |
| 37 | നീർത്തട മാസ്റ്റർ പ്ലാൻ -നിർവ്വഹണ ഏജൻസിയുമായി കരാർ വച്ചിട്ടില്ല,പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല -ചെലവ് തുക | 3-14 |

| | | |
|---|---|---|
| | 5,58,481/-തടസ്സത്തിൽ വയ്ക്കുന്നു | |
| 38 | നെൽവിത്ത് വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക 4,21,200/- തടസ്സത്തിൽ വയ്ക്കുന്നു | 3-15 |
| 39 | പദ്ധതികൾ നടപ്പാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ തയ്യാറാക്കുന്നില്ല. | 3-16 |
| 40 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-17 |
| 41 | വാഹന പരിപാലനം അപാകതകൾ | 3-18 |
| 42 | നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-19 |
| 43 | കാദരിയ്യ റോഡിൽ കാനക്ക് മുകളിൽ സ്ലാബിടൽ - എസ്റ്റിമേറ്റിൽനിന്നും സാരമായ വ്യതിയാനം | 3-20 |
| 44 | വിട്ടുകിട്ടിയ സ്ഥലങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. | 3-21 |
| 45 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | 3-22 |
| 46 | മുടങ്ങിക്കിടക്കുന്ന പദ്ധതികൾ | 3-23 |
| 47 | ബഡ്സ് സ്കൂൾ-അംഗീകാരം നേടാതെ പ്രവർത്തിക്കുന്നു | 3-24 |
| ഭാഗം 4 | | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 55 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 58 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 59 | അനുബന്ധം-2-ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

17-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16.2.2018 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 14.6.18 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27-06-2018 മുതൽ 28-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(59) തീയതി 13-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25535621.23 |
| വരവ് | 70287491 |
| ആകെ | 95823112.23 |
| ചെലവ് | 88715501 |
| നീക്കിയിരിപ്പ് | 7107611.23 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 25542045 | 25542045 | 18520502 | 7021543 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- SCP | 0 | 819206 | 819206 | 6064782 | 2129424 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6463000 | 6463000 | 6445252 | 17748 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6031860 | 6031860 | 5342533 | 689327 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | 0 | 9294628 | 9294628 | 9191228 | 103400 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)കേന്ദ്രം | 0 | 4311156 | 4311156 | 1566156 | 2745000 |
| സംസ്ഥാനം | 0 | 1342431 | 1342431 | 0 | 1342431 |
| സാക്ഷരത | 3277.81 | 122 | 3399.81 | 0 | 3399.81 |
| ദുരിതാശ്വാസനിധി | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 0 | 24549993 | 24549993 | 2454993 | 0 |
| | 1834 | 1113990 | 1115824 | 1109069 | 6755 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- (ഐ.സി.ഡി.എസ്) | 1438323 | 992013 | 2430336 | 193331 | 2237005 |
| ബേട്ടി ബച്ചാവോ ബേട്ടി പഠാവോ | 100 | 41000 | 41100 | 13983 | 27117 |
| ടോട്ടൽ സാനിറ്റേഷൻ | 801870 | 162820 | 964690 | 0 | 964690 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 468000 | - | 468000 | - | 46800 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ –<br>ബി ഫണ്ട് (പ്രൊഡക്ഷൻ ബോണസ്) | 0 | 83600 | 83600 | 83600 | 0 |
| തൊഴിൽ രഹിത വേതനം | 0 | 37080 | 37080 | 37080 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് – ബ്ലോക്ക് പഞ്ചായത്ത് | 0 | 725000 | 725000 | 725000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് – ജില്ലാ പഞ്ചായത്ത് | 30301 | 800000 | 830301 | 499891 | 330410 |
| ബി ഫണ്ട് | 0 | 42829100 | 42829100 | 42829100 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | 18303548 | 17732913 | 36036461 | 32905090 | 3131371 |

| | | | | | |
|---|---|---|---|---|---|
| (ട്രഷറി) | | | | | |
| തനത് ഫണ്ട് ( പുന്നയൂർ പഞ്ചായത്ത് കോ-ഓ. ബാങ്ക് , എസ് ബി ഐ) | 6639370.50 | 8640809 | 15280179.50 | 11849352 | 3430827.50 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 281 | 92930455 | 163 | 49107723 | 65 | 53 | 58% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1834 | 1113990 | 1115824 | 1109069 | 6755 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് മെറ്റീരിയൽ കോസ്റ്റ് | 0 | 24549993 | 24549993 | 24549993 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം* |
|---|---|---|
| തൊഴിൽരഹിത വേതനം | 37080 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 3026500 | 7 |
| വിധവാപെൻഷൻ | 15949700 | 130 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 19228600 | 293 |
| വികലാംഗപെൻഷൻ | 4102700 | 44 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 521600 | 7 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

*ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം കൃത്യമല്ല.

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-10-2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,422/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചകൾ

പഞ്ചായത്തിൽ അടിയ്ക്കടി സെക്രട്ടറിമാർ മാറിക്കൊണ്ടിരിക്കുന്നതിനാൽ ഭരണസംവിധാനം താറുമാറാകുന്നതിനും, ജീവനക്കാരുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നതിനും ഇടയാക്കിയിട്ടുണ്ട്. 2017-18 കാലഘട്ടത്തിലെ സെക്രട്ടറിമാരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | എ.സായിദാബീഗം (സെക്രട്ടറി ഇൻ ചാർജ്ജ്) | 1/4/17 മുതൽ 12/6/17 വരെ |
| 2 | ഷാജി ടി.എച്ച് | 13/6/17മുതൽ 8/10/17 വരെ |
| 3 | എ.സായിദാബീഗം (ഇൻ ചാർജ്ജ്) | 9/10/17മുതൽ 4/12/17 വരെ |
| 4 | ഷാജി ടി.എച്ച് | 5/12/17 മുതൽ 6/12/17 വരെ |
| 5 | എ.സായിദാബീഗം ( ഇൻ ചാർജ്ജ്) | 7/12/17 മുതൽ 23/1/18 വരെ |
| 6 | അനിൽകുമാർ ജി. | 24/1/18 മുതൽ 31/3/18 വരെ |

നികുതികൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിലും, ഫയലുകൾ കൈകാര്യം ചെയ്യുന്നതിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. വസ്തു നികുതി 28 ലക്ഷം രൂപയോളം കുടിശ്ശികയുണ്ട്. സെക്രട്ടറിയുടെ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളൊന്നും തന്നെ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

പർച്ചേസുകളിലും മറ്റും ഒറിജിനൽ ക്യാഷ് ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. തൻ വർഷം വാങ്ങിയ മുഴുവൻ ഇനങ്ങളും സ്റ്റോക്കിലെടുക്കുകയോ, സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി പരിശോധിക്കുകയോ, വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക്കിലെടുക്കുമ്പോൾ സാധനങ്ങളുടെ മൂല്യം, ബിൽ വിവരങ്ങൾ എന്നിവ ചേർക്കുന്നില്ല. കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ ശരിയായ വിധം സൂക്ഷിച്ചിട്ടില്ല. ആകെ കമ്പ്യൂട്ടറുകളുടെ എണ്ണം, ഗ്യാരണ്ടി കാലയളവ്, ഉപയോഗശൂന്യമായവ, AMC നല്കിയവ എന്നീ വിവരങ്ങളൊന്നും കൃത്യമായി ലഭ്യമല്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതുകൊണ്ടുതന്നെ വിവിധ കാലയളവിൽ ഏതെല്ലാം ഏജൻസികളിൽ എത്ര രൂപ വീതം ഡെപോസിറ്റായി നല്കിയിട്ടുണ്ടെന്ന വിവരം ലഭ്യമല്ല. മാത്രമല്ല, വാർഷിക കണക്കുകളിലെ അഡ്വാൻസുകളുടെ കൃത്യതയും പരിശോധിക്കാനാകുന്നില്ല.

ഡെപോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇതിൽ രേഖപ്പെടുത്തിയതു പ്രകാരം EMD,Security Deposit തുടങ്ങിയവയിൽ മൂന്ന് വർഷത്തിലധികമായി തിരിച്ചുനല്കാത്ത തുകകൾ മുതൽക്കൂട്ടാനുള്ളതായി കാണുന്നു. മാത്രമല്ല, ഡെപോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

കണ്ടിജന്റ് പേമെന്റുകളിൽ സെക്രട്ടറിയുടെ പ്രൊസീഡിംഗ്സ് തയ്യാറാക്കി ചേർത്ത് വെയ്ക്കാത്തതിനാൽ ആർക്ക് എന്തിന് തുക അനുവദിച്ചു എന്നത് മനസ്സിലാക്കാനാകുന്നില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ ഇവയ്ക്ക് പ്രത്യേകം ACR സൂക്ഷിക്കാത്തതിനാൽ ഇവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.
മാന്വൽ രസീതുബുക്കുകൾ വൃത്തിയായി സൂക്ഷിക്കുന്നില്ല.

കളക്ഷൻ തുക അടക്കുന്നുണ്ടെങ്കിലും എൻട്രികൾ അതതു ദിവസത്തെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ എഴുതി അതതു ദിവസം തന്നെ വേരിഫൈ ചെയ്തു സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണമായി, 31.3.2018 ലെ കളക്ഷൻ വിവരം രേഖപ്പെടുത്തിയ ശേഷമാണ് 24.3.2018 ലെ കളക്ഷൻ എൻട്രി വരുത്തിയിരിക്കുന്നത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.9.18 | 8/2018 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-10-16 to 31-10-16 | 2013-14 മുതൽ 2015-16വരെ | 25-1-17 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

- ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ/വർഷാന്ത്യ റീകൺസീലിയേഷൻ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- അഡ്വാൻസ് - ഡെപ്പോസിറ്റ് രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

- വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- 2017-18-ലെ ഡേ ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 01.03.18-ന് ലഭിച്ച ₹46,26,150/- വരവിൽ എടുത്തിട്ടില്ല.
- KLGSDP (സ്റ്റേറ്റ് വിഹിതം) ഇനത്തിൽ ലഭിച്ച ₹13,42,431/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
- വികസന ഫണ്ട് (ജനറൽ) ഇനത്തിൽ വാർഷിക കണക്കിലെ തുകയും, സാംഖ്യ ACR-ഉം പൊരുത്തപ്പെടുന്നില്ല. ACR പ്രകാരം തുക 1,85,20,502/- രൂപയും വാർഷിക കണക്കിൽ ഇത് 1,80,28,502/- രൂപയുമാണ്.
- R&P പത്രികയിലെ RP-7 ഷെഡ്യൂളിൽ ഉൾപ്പെട്ട തൊഴിലില്ലായ്മ വേതനം, കൃഷി വകുപ്പിനായുള്ള വരവ്, RP-31 ഷെഡ്യൂളിൽ ഉൾപ്പെട്ട ഐ.സി.ഡി.എസ്. പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം, RP-5 ഷെഡ്യൂൾ എന്നിവയിലെ വരവ്, RP-34 ഷെഡ്യൂൾ എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
- സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. (B-4 ഷെഡ്യൂൾ)
- സംയുക്ത പദ്ധതികൾക്കായുള്ള പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ വരവായി ചേർത്തിട്ടുള്ള ₹6,25,000/- (4,25,000-നെൽകൃഷി വികസനം - ബ്ലോക്ക് വിഹിതം, 2,00,000/- പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതം) പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.
- സംയുക്ത പദ്ധതി അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ ₹5,00,109/- Redemption Amount ചേർത്തിട്ടില്ല.
- സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതുപ്രകാരം 17-18-ൽ സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികൾ വഴി ₹17,55,034/- കെ.എസ്.ഇ.ബി.ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം (ഷെഡ്യൂൾ ബി-18) ഉള്ള ₹1,04,600/- രൂപ മുൻ വർഷങ്ങളിലേതാണ്. തൻവർഷത്തെ പ്രവൃത്തികൾ ഡെപ്പോസിറ്റ് പ്രവൃത്തികളായി ഉൾപ്പെടുത്തിയിട്ടില്ല.
- Capital work in progress ആയി ₹27,73,070/- കാണിച്ചവ 2017-18-ൽ പൂർത്തിയായവയാണ്. എന്നാൽ AE-യുടെ പ്രൊജക്റ്റ് രജിസ്റ്റർ പ്രകാരം ഭാഗികമായി പൂർത്തിയാക്കിയ 270/18, 264/18 എന്നീ പദ്ധതികൾ മേൽപ്പറഞ്ഞ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
- അഡ്വാൻസ് ഇനത്തിൽ ഉദ്യോഗസ്ഥർക്ക് നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. ബി-18 ഷെഡ്യൂൾ പ്രകാരം ലഭിക്കുവാനുള്ള തുകകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

1. Festival Advance - 8,200/-
2. Temperory Advance for official purposes – 1,73,980/-
3. Tour travelling Allowance Advance – 800/-
4. Advance to implementing officers – 60,168/-
5. Advance to others – 2,04,250/-

- കാലഹരണപ്പെട്ട ചെക്കുകളുടെ തുക "Liability in respect of stale cheque" എന്ന ശീർഷകത്തിലേക്ക് മുഴുവനായും മാറ്റിയിട്ടില്ല. ഈയിനത്തിൽ ₹150/- മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത്.
- പുന്നയൂർ പഞ്ചായത്ത് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (A/c No.450230101)
- a) Cheque No. 133212/ 22.07.14 - Rs. 2,000/-

- b) Cheque No. 13278/ 26.05.14 - Rs. 216/-
- c) Cheque No. 128536/ 11.11.13 - Rs. 480/-
- d) Cheque No. 104031/ 29.01.16 - Rs. 1,000/-
- വസ്തു നികുതി ഇനത്തിൽ സാംഖ്യ – സഞ്ചയ സ്റ്റേറ്റുമെന്റുകൾ പൊരുത്തപ്പെടുന്നില്ല.
- 2016-17 വാർഷിക കണക്കുകൾ പ്രകാരം കുടിശ്ശിക - 22,25,404/-
- (ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങൾ)
- സഞ്ചയ പത്രിക പ്രകാരം - 20,26,879/-
- 2016-17 വാർഷിക കണക്ക് പ്രകാരം കുടിശ്ശിക - 11,84,536/-
- (ഗാർഹികേതര കെട്ടിടങ്ങൾ)
- സഞ്ചയ പത്രിക പ്രകാരം - 16,90,514/-
- ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ I-18 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിൽ 94,564/- രൂപയുടെ ഡിമാന്റ് ഒഴിവാക്കിയതിന് കൃത്യമായ വിശദീകരണങ്ങളില്ല.
- കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുക (A+B+C) 1,70,13,627/- രൂപയും വാർഷിക കണക്കിലെ മുന്നിരിപ്പ്-നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസം 1,84,28,010/- രൂപയുമാണ്.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള റേഷ്യോസ് (അടിസ്ഥാന അനുപാതങ്ങൾ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈഫ് ഭവന പദ്ധതി -ഭവനനിധി രൂപീകരിച്ച് ധനസമാഹരണം ആരംഭിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ.151/2017 തീ. 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ആയതനുസരിച്ച് ഗ്രാമ പഞ്ചായത്ത് ഭവനനിധി രൂപീകരിച്ച് ധനസമാഹരണം ആരംഭിച്ചിട്ടില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ഭവനനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ഇ-ടെണ്ടർ - ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 30,007/- രൂപ ഇനിയും ലഭ്യമായില്ല.

പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയതിൽ 2015-16 വർഷം 7 പ്രവൃത്തികളിൽനിന്നായി 17,902/- രൂപയും, 2017-18 വർഷം 3 പ്രവൃത്തികളിൽനിന്നായി 12,105/- രൂപയുമടക്കം ആകെ 30,007/- രൂപ (വാറ്റടക്കം) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ എത്രയും വേഗം കൈക്കൊള്ളേണ്ടതാണ്.

## 2-3 സാംഖ്യ സഞ്ചയ സംയോജനം - പ്യൂരിഫിക്കേഷൻ -അവലോകനം

വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ ഡിമാന്റായി ചേർക്കുകയും ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടേണ്ടത്. എന്നാൽ സാംഖ്യ സഞ്ചയ കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. (സാംഖ്യ സഞ്ചയ തുകകളിലെ വ്യത്യാസം അക്കൌണ്ട്സ് അപാകതയായി ഖണ്ഡിക 1-12 ൽ ചേർത്തിട്ടുണ്ട്. ).

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തൽ, കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്താതെ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത്, കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നത്, സോഫ്റ്റ് വെയറിന്റെ പരിമിതികൾ മുതലായവ സാംഖ്യ സഞ്ചയ ഇൻഡഗ്രേഷനിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംഖ്യയിൽ റസീപ്റ്റ് ചെയ്യുന്നത് യാന്ത്രികമായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടാതിരുന്ന സാഹചര്യവും സാംഖ്യയിൽ രസീതി ക്യാൻസൽ / പ്രിന്റ് ഫാൾട്ട് ആകുന്നത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ടായി. ഇത്തരം അപാകതകൾ മാനുവലായി കണ്ടെത്തി പരിഹരിക്കപ്പെടാത്തതും നികുതി തുകയിലെ മാറ്റങ്ങൾക്ക് കാരണമായി. സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിന് ഇടക്കിടെ എക്സ്ട്രാ ടൂളുകൾ നൽകിവരുന്നുണ്ട്.

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നതിന് യാതൊരു ആധികാരിക രേഖകളുമില്ലാതെ തന്നെ വാർഷികധനകാര്യപത്രികയിലെ തുകകൾ വൗച്ചർ മുഖേന എഴുതി തള്ളുകയും ക്രമീകരിക്കുകയും ചെയ്യുന്നു. വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങിയ കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ് തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

സഞ്ചയ വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷൻ റിപ്പോർട്ട് അനുസരിച്ച് 11440 കെട്ടിടങ്ങൾ ഉള്ളതിൽ 11383 കെട്ടിടങ്ങളും പ്യൂരിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2017-18 ൽ 1715

കെട്ടിടങ്ങൾക്കുമാത്രമാണ് പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് അംഗീകരിച്ചിട്ടുള്ളത്. 9668 കെട്ടിടങ്ങളുടെയും പ്യൂരിഫിക്കേഷൻ പെന്റിംഗിൽ ആണ്.

## 2-4 രേഖകളുടെ അഭാവത്തിൽ വസ്തുനികുതി വരവ് പരിശോധിക്കുന്നതിനായില്ല

വസ്തുനികുതി തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൗച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

"110100101/110100103-Property tax on residential/non residential buiding" എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു.

വസ്തുനികുതിയിനത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവു സാധ്യത സംശയമുള്ളവ, സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ഡിമാന്റ് സസ്പെക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളുടെയും പ്രയർപിരീഡ് ഇനത്തിൽ അഡ്ജസ്റ്റ്മെന്റ് ചെയ്ത് ഒഴിവാക്കിയ 94,564/-രൂപയുടെയും (ശീർഷകം l18-280100101) വരവായി ക്രമീകരിച്ച 4,52,809/-(ശീർഷകം l18-280100104) രൂപയുടെയും ആധികാരകത പരിശോധിച്ച ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകളും ഒന്നും തന്നെ പരിശോധനയ്ക്കായി ലഭിക്കുകയുണ്ടായില്ല.

വസ്തുനികുതിയുടെ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സഞ്ചയ സോഫ്റ്റ് വെയറിൽ മാത്രമാണ് സൂക്ഷിക്കുന്നത്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ച ബോദ്ധ്യപ്പെടുന്നതിനായില്ല. വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

1) പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. പേജ് നം 76 മുതൽ 86 വരെ അടിസ്ഥാന വിവരങ്ങൾ പോലും അപൂർണ്ണമായാണ് ചേർത്തിരിക്കുന്നത്

2)NOC രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ചിട്ടില്ല, പെർമിറ്റ് രജിസ്റ്ററിൽ ആണ് എഴുതുന്നത്. പലയിടത്തും റഗുലറൈസ് ചെയ്ത ഫയലാണോ എന്ന കാര്യം വ്യക്തമല്ല

3) പെർമിറ്റ് ഇഷ്യൂ ചെയ്ത വിവരം പല അപേക്ഷകളിലും ഫയലിൽ ചേർത്തിട്ടില്ല.

4) കംപ്ലീഷൻ വിവരങ്ങൾ, വീട്ടുനമ്പർ നൽകിയത് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല.

5) കാലാവധി കഴിഞ്ഞ പെർമിറ്റ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല.
അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-6 അനധികൃത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല: വസ്തുനികുതി ഡിമാന്റ് ചെയ്യപ്പെട്ടിട്ടില്ല

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ നിന്നുള്ള അനധികൃത കെട്ടിടങ്ങളുടെ ലിസ്റ്റിൽ മേൽ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ല.

| | അനധികൃത കെട്ടിട നം. | ഉടമയുടെ പേര് |
|---|---|---|
| 1 | XIV/454A | സുലൈഖ ഷാഹ്ഹ ഒന്നാഞ്ചേരി |
| 2 | XIV/46A | ഉമ്മുകുൽസു ചിറ്റയിൽ |
| 3 | XIV/476B | ബിജി മത്തായി പുത്തൻപുരയിൽ |
| 4 | XVI/435C | ഹസീന മൂത്തേടത്ത് |
| 5 | XVI/435D | നൂർജജ കന്ദമത്തി പറമ്പിൽ |
| 6 | XVI/435E | സെക്കീന പുതു വീട്ടിൽ |
| 7 | XVI/436A | സൈനബ മൂത്തേടത്ത് |
| 8 | XVI/425B | മുംതാസ് ചോഴിയാരത്ത് |
| 9 | XVI/425A | അലിമോൻ മാലിക്കുളം |
| 10 | XVI/425A | ഫാത്തിമ കറുപ്പം വീട്ടിൽ |
| 11 | XVI/435A | സജീന ചെങ്ങാശ്ശേരി |
| 12 | XVI/435B | അൻസില പനിച്ചകുളങ്ങര |
| 13 | XII/550A | ബാബു കൊഴപ്പാട്ട് |

രജിസ്റ്ററിൽ XVI/425A എന്ന UA നം.രണ്ടു വ്യക്തികൾക്ക് കെട്ടിടനമ്പറായി നൽകിയതായി കാണുന്നു. കൂടാതെ കെട്ടിടനം 14/491 C ആയി രജിസ്റ്ററിൽ ചേർത്ത റസിയ പുതുവീട്ടിൽ എന്നവരെ സഞ്ചയയിൽ 14/491A UA ആയാണ് എൻട്രി വരുത്തിയിട്ടുള്ളത്. കൂടാതെ UA ആയി സഞ്ചയയിൽ ചേർത്തിട്ടുള്ള കെട്ടിട നം 11/1, 11/17, 11/27, 11/44, 11/46, 11/58, 11/70, 11/75, 14/403, 14/475, 16/433, 19/26 എന്നിവ അനധികൃത നിർമ്മാണ കെട്ടിട രജിസ്റ്ററിൽ എഴുതിയിട്ടില്ല. അനധികൃത നിർമ്മാണത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻറ് ചെയ്യപ്പെട്ടിട്ടില്ല. കൂടാതെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട രണ്ടു അനധികൃത നിർമ്മാണ കെട്ടിടങ്ങൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. (കെട്ടിട നം 18/1A/UA, 19/236A/UA)മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആവശ്യപ്പെട്ട ഫയലുകൾ ലഭ്യമാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. (എൻക്വയറി നം20/15.10.18). അനധികൃത നിർമ്മാണ കെട്ടിട രജിസ്റ്റർ കാലികമാക്കേണ്ടതും സഞ്ചയയിലുള്ള അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 2-7 കെട്ടിട നിർമ്മാണങ്ങളുടെ ക്രമ വത്കരണം - ഫീസ് ഈടാക്കിയതിൽ കുറവ്

സർക്കുലർ നം 229813/RD/2/15 ത.സ്വ.ഭ.വ തീ 11.11.15 പ്രകാരം ക്രമവത്ക്കരണ അപേക്ഷകളിൽ മേൽപ്പെർമിറ്റ് പുതുതായി അനുവദിക്കേണ്ടതായ കാര്യത്തിൽ ആണെങ്കിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീ കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പെർമിറ്റ് ഫീ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

കൂടാതെ പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണം ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന വ്യവസ്ഥ സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല. ഇത്തരത്തിലുള്ള ന്യൂനതകൾ പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കേണ്ടുന്ന തുകയിൽ കുറവു വരുന്നതിന് കാരണമാകുന്നു.

ഉദാഹരണമായി താഴെ പറയുന്ന ഫയലുകൾ പരിശോധിച്ചതിൽ റഗുലറൈസേഷൻ ഫീ യോടൊപ്പം പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല.

1). ഫയൽ നം എ1/382/27.1.18 പെർമ്മിറ്റ് നം. ബി എ 59061/18 തീ. 22.3.18

മെഹബൂബ്ഖാൻ പാറയിൽ എന്ന വ്യക്തിയുടെ ബിൽഡിംഗ് റഗുലറൈസ് ചെയ്തതിൽ 1,675/- രൂപയാണ് സങ്കേത പെർമിറ്റ് രജിസ്റ്ററിൽ ഫീ ഇനത്തിൽ വരവായി കാണിച്ചിട്ടുള്ളത്. (സൈറ്റ് പ്ളാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 279.21m2 ആണ്. അതുപ്രകാരം പെർമിറ്റ് ഫീ അടക്കം റഗുലറൈസ് ചെയ്യുന്നതിന് 2,513/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. കുറവ് 838/- രൂപ.

2). ഫയൽ നം എ1/7389/14.12.2017 പെർമ്മിറ്റ് നം ബി എ 2095/18 തീ 6.2.18

ഇബ്രാഹിം സി കെ ചളിയിൽ എന്ന വ്യക്തിയുടെ ബിൽഡിംഗ് റഗുലറൈസ് ചെയ്തതിൽ 2,571/- രൂപയാണ് സങ്കേത പെർമിറ്റ് രജിസ്റ്ററിൽ ഫീ ഇനത്തിൽ വരവായി കാണിച്ചിട്ടുള്ളത്. (സൈറ്റ് പ്ളാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 428.54m2 ആണ്. അതുപ്രകാരം പെർമിറ്റ് ഫീ അടക്കം റഗുലറൈസ് ചെയ്യുന്നതിന് 3,857/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. കുറവ് 1286/- രൂപ.

ന്യൂനതകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 വിമുക്ത ഭടൻമാർക്ക് നികുതി ഒഴിവാക്കി നല്കൽ-ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല

വിമുക്തഭടന്മാർക്ക് നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് 6.617/4(5) തീരുമാനം, സഞ്ചയ ലിസ്റ്റ് എന്നിവ പരിശോധിച്ചതു പ്രകാരം കെട്ടിട നം. 9/417A, 12/227, 12/397, 13/397, 15/210 എന്നീ കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. ഇതു സംബന്ധിച്ച് ഫയലുകൾ ഹാജരാക്കാത്തതിനാൽ വിമുക്ത ഭടൻമാർക്ക് നികുതി ഒഴിവാക്കി നല്കൽ സംബന്ധിച്ച സർക്കാർ ഉത്തരവ് (കൈ)നമ്പർ:106/17/ത.സ്വ.ഭ.വ തീ. 26-05-2017 പ്രകാരം പാലിച്ചിട്ടാണോ എന്നു പരിശോധിക്കാൻ ഓഡിറ്റിനു സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.

19/15.10.17). രേഖകൾ സമയബന്ധിതമായി ഓഡിറ്റിനു ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 പൊളിച്ചു മാറ്റപ്പെട്ടകെട്ടിടങ്ങളുടെ ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

സഞ്ചയയിൽ നിന്നു ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം 50 കെട്ടിടങ്ങൾ പെളിച്ചു നീക്കിയവായി കാണിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നു സ്വീകരിക്കുന്ന അപേക്ഷയുടെയും ഫീൽഡ് ക്ളർക്കിന്റെ റിപ്പോർട്ടിന്റെയും അതുവരെയുള്ള നികുതി കുടിശ്ശിക നിവാരണത്തിന്റെയും അടിസ്ഥാനത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ചു അംഗീകരിച്ചതിനു ശേഷമാണ് കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റിൽ ചേർക്കേണ്ടത്. എന്നാൽ മേൽ പ്രകാരം പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങളുടെ ഉടമസ്ഥരുടെ അപേക്ഷ വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് പരിശോധനയിൽ കണ്ടില്ല. ഇപ്രകാരം വസ്തുനികുതിയിൽ വന്ന കുറവ് സംബന്ധിച്ചും ഫയലുകൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. (എൻക്വയറി നം 21/15.10.18). അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വെച്ച് സാധൂകരണം ലഭ്യമാക്കി പഞ്ചായത്ത് ജനറൽ കമ്മറ്റിയിൽ വെച്ച് അധികരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 പുന്നയൂർ ഗ്രാമ പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കിയിട്ടില്ല

പുന്നയൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പുന്നയൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള 20 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി & ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല. 354 സ്ഥാപനങ്ങളിൽ നിന്നാണ് ഡി ആന്റ് ഓ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. നികുതി അടവാക്കുന്ന വാർഡ് തിരിച്ചുള്ള നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കണക്ക് (സഞ്ചയപ്രകാരം)

| വാർഡ് | സഞ്ചയ പ്രകാരം നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 1 | 95 |
| 2 | 82 |
| 3 | 61 |
| 4 | 39 |
| 5 | 72 |
| 6 | 52 |
| 7 | 113 |
| 8 | 101 |

| | |
|---|---|
| 9 | 161 |
| 10 | 179 |
| 11 | 98 |
| 12 | 197 |
| 13 | 127 |
| 14 | 110 |
| 15 | 94 |
| 16 | 92 |
| 17 | 65 |
| 18 | 89 |
| 19 | 88 |
| 20 | 144 |

ആകെ 2059. (ഇതിൽ 7 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. സ്ഥാപനങ്ങളുടെ രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയില്ല). ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കുകൽ ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ടു ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാറ്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതാണ്.

## 2-11 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി-അവലോകനം

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിച്ചതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് രൂപീകരണം നടത്തുന്നതിനുതകുന്ന ചർച്ചകളുണ്ടായിട്ടില്ല. പ്രോജക്ട് നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കണമെങ്കിലും മോണിറ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ നിർദ്ദേശങ്ങൾ നല്കിയതായി കാണുന്നില്ല.

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ്

സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകിയത് കേ.പ.രാ.നിയമം വകുപ്പ് 214(1എ)(1) പ്രകാരം മാർച്ച് മാസം ആദ്യവാരം പഞ്ചായത്ത് കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.29/03/2017 ന മാത്രമാണ് ബഡ്ജറ്റ് അംഗീകരിച്ചിട്ടുള്ളത്. ബഡ്ജറ്റ് യഥാസമയം റിവൈസ് ചെയ്തിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ചു

2017-18 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 72/2017/ത.സ്വ.ഭ.വ തീ. 29/3/17 പ്രകാരം പുതിയ റോഡ് നിർമ്മാണ പ്രവൃത്തികൾ ( റോഡ് കോൺക്രീറ്റിംഗ്, മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയവ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കാവുന്നതല്ല. എന്നാൽ പഞ്ചായത്തിൽ 17-18 കാലഘട്ടത്തിൽ 44,34,989/- രൂപ റോഡ് കോൺക്രീറ്റിംഗ്, മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയവക്കായി ചെലവഴിച്ചിരിക്കുന്നു. 13/12/17 ലെ പഞ്ചായത്ത് കമ്മറ്റിയിൽ അസി. എഞ്ചിനീയർ ഇക്കാര്യം ചൂണ്ടിക്കാണിച്ചുവെങ്കിലും കമ്മറ്റി തീരുമാനപ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുകയായിരുന്നു.

മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.5dt.10/10/18) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

### 3-2 കൃഷിഭവനിൽ സീഡ് ലാബ് നിർമ്മാണം - ജി.എസ്.ടി ഈടാക്കി എന്നാൽ അടവാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോ.നം.264/18 അടങ്കൽ - 5,00,000/-

നിർവ്വഹണ ഏജൻസി- കോസ്റ്റ് ഫോർഡ്.

എം ബുക്ക് നം.2315

ട്രഷറി ബിൽ നം.57/12-2-18 Rs.1,00,000/-

മേൽ പ്രവൃത്തി 17-18 ൽ തന്നെ പൂർത്തീകരിച്ച് ഫൈനൽ ബിൽ ട്രഷറിയിൽ 31/3/18 ന് സമർപ്പിച്ചുവെങ്കിലും ക്യൂ ലിസ്റ്റിൽ പെട്ടതിനാൽ 18-19 ലാണ് മാറിയിരിക്കുന്നത്. 31/3/18 വരെ പൂർത്തീകരിച്ച പ്രവൃത്തികളിൽനിന്നും ജി. എസ്. ടി. ഈടാക്കേണ്ടതില്ല എങ്കിലും ഫൈനൽ ബില്ലിൽനിന്നും ഈയിനത്തിൽ 44,994/- രൂപ ഈടാക്കി സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. ഈ തുക നാളിതുവരെയായി ജി.എസ്.ടി ഇനത്തിൽ അടവാക്കുകയോ പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5dt.10/10/18) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇതിന്മേലുള്ള സ്പഷ്ടീകരണം എത്രയും വേഗം

ലഭ്യമാക്കേണ്ടതാണ്.

## 3-3 തനത് ഫണ്ട് വൗച്ചർ പരിശോധന – അപാകതകൾ

തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തിയതി | തുക | വിശദാംശങ്ങൾ | അപാകതകൾ |
|---|---|---|---|---|
| 1 | 21700185/6.6.17 | 10000 | ഗ്രീഷ്മോത്സവം- ടി ബി ശശിധരൻ, വി ഇ ഒ യ്ക്ക് അനുവദിച്ചത് | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 2. | 21700105/5.5.17 | 19500 | അംഗൻവാടി നം 64 കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യ്ക്ക് അനുവദിച്ചത് | പൂർത്തീകരണ സാക്ഷ്യപത്രം / വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 3 | 21700091/2.5.17 | 107700 | തൊഴിലുറപ്പ് വിഭാഗത്തിന് വേണ്ടി 2 കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവ വാങ്ങിയതിന് വന്ന ചെലവ് ( പി സി ക്ലിനിക്, തൃശ്ശൂർ) | 1. സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>2. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമോ, പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ലഭ്യമാക്കിയിട്ടില്ല.<br>3.സ. ഉ ( പി) 3/2013 എസ് പി ഡി തി. 21.6.13 ലെ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 1 ലക്ഷത്തിന് മുകളിലുള്ള വാങ്ങലിന് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നിരിക്കെ ക്വട്ടേഷൻ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. |
| 4 | 21700948/30.3.18 | 59747 | കമ്മ്യൂണിറ്റി ഹാളിലേക്ക് മൈക്ക് സെറ്റ്, ഇൻവെർട്ടർ, | 1. ബാലൻസ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും |

| | | | | |
|---|---|---|---|---|
| | | | കാർപെറ്റ്, ബോർഡുകൾ, ചെയറുകൾ എന്ന പദ്ധതി ( 110/18) ചെലവ് | വാങ്ങിയിരിക്കുന്നത് പദ്ധതി രൂപീകരണ ഫോറം, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>2. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് രേഖപ്പെടുത്തി കാണുന്നില്ല. |
| | ആകെ | 196947 | | |

ചെലവ് രേഖകളുടെയും നടപടി ക്രമങ്ങളുടെയും അഭാവത്തിൽ ചെലവ് തുക 1,96,947/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 കമ്പോസ്റ്റ് പിറ്റ് നിർമ്മാണം- പ്രവൃത്തി പുരോഗതി അറിയിക്കേണ്ടതാണ്.

പ്രൊജക്ട് നം-116/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷറി ബിൽ നം-4/17-18/30.6.17 തുക-3,49,200/-

വൗച്ചർ നം 21700806/23.1.18 തുക 4,88,880/-

ഗവ.എൽ.പി.സ്കൂൾ, പി.എച്ച്.സി, വെറ്ററിനറി സബ് സെന്റർ എന്നിവിടങ്ങളിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മാണത്തിനായി വികസനഫണ്ടിൽ നിന്നും 8,60,000/- രൂപയും തനത് ഫണ്ടിൽ നിന്നും 8,86,000/- രൂപയും ഉൾപ്പെടെ ആകെ 17,46,000/- രൂപ വകയിരുത്തി 2016-17 വർഷത്തിൽ ആരംഭിച്ച പദ്ധതി കോസ്റ്റ് ഫോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. 2016-17 വർഷത്തിൽ 3,49,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം-39/30.3.17 )2017-18 ൽ പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും മേൽ പ്രകാരം തുക കോസ്റ്റ് ഫോർഡിന് കൈമാറിയിട്ടുണ്ട്. ആദ്യ ഗഡു ചെലവഴിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമാക്കുന്ന മുറയ്ക്കാണ് അടുത്ത ഗഡു അനുവദിക്കേണ്ടത്. എന്നാൽ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതും ലഭ്യമാക്കുകയുണ്ടായില്ല. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കേണ്ടതും, പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-5 കുരഞ്ഞിയൂർ ശ്മശാനം അറ്റകുറ്റപണി- തുക കൈമാറിയിട്ടും നാളിതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല.

പ്രൊജക്ട് നം-119/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷറി ബിൽ നം-17/17-18/30.8.17 തുക-3,00,000/-

കുരഞ്ഞിയൂർ ശ്മശാനത്തിൽ ഗ്യാസ് ക്രിമിറ്റോറിയം പണിയുന്നതിന്റെ ഭാഗമായി ശ്മശാനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 2016-17 വർഷത്തിൽ കോസ്റ്റ്ഫോർഡിനെയാണ് പ്രവർത്തി ഏൽപ്പിച്ചിട്ടുള്ളത്. കോസ്റ്റ് ഫോർഡ് ലഭ്യമാക്കിയ 15,00,000/- രൂപയുടെ എസ്റ്റിമേറ്റന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ 20% തുകയായ 3,00,000/- രൂപ അഡ്വാൻസായി കോസ്റ്റ് ഫോർഡിന് നൽകുകയും ചെയ്തു. എന്നാൽ തൻവർഷം പദ്ധതി നടപ്പിലാക്കുകയുണ്ടായില്ല. 17-18 വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പദ്ധതിയിലും 3,00,000/- രൂപ കോസ്റ്റ് ഫോർഡിന് അനുവദിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ അടുത്ത ഗഡു കൊടുക്കേണ്ടതുള്ളൂ എന്നിരിക്കെ 2017-18 ലും തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഇത്തരത്തിൽ തുക അനുവദിച്ചു നൽകുവാനുണ്ടായ സാഹചര്യത്തിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. (എൻക്വയറി നം. 6/11.10.18) പ്രവൃത്തി ആരംഭിക്കുകയോ വിനിയോഗവിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ 2017-18 വർഷത്തിൽ അനുവദിച്ച 3,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 KREWS മുഖേന നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

ക്രൂസ് മുഖേന സെക്രട്ടറി തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|
| 1 | 262/18<br>7ാം വാർഡിലെ എസ് സി സങ്കേതങ്ങളിലേക്ക് എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കൽ | 1) ബിൽ നം . 60/17-18 /27.3.18 തുക 3,58,400/-<br>2)ബിൽ നം.67/17-18 /28.3.18 തുക 2,405/- |
| 2 | 254/18<br>പ്രിയദർശിനി റോഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | വൗച്ചർ നം. 21700961/31.3.18<br>തുക 57,600/- |

മേൽ രണ്ട് പദ്ധതികളിലേക്കുമായി 2,699/- രൂപ വില വരുന്ന 24 W LED ലൈറ്റുകൾ 130 എണ്ണത്തിന്റെ തുകയും ഒന്നിന് 150/- രൂപ നിരക്കിൽ ഇൻസ്റ്റാലേഷൻ ചാർജ്ജും ക്രൂസിന് കൈമാറിയിട്ടുണ്ട്. 130 എണ്ണത്തിന് 18.5/- രൂപ നിരക്കിൽ സൂപ്പർവിഷൻ ചാർജ്ജിനത്തിൽ കെ എസ് ഇ ബി യ്ക്കും തുക കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1 . ക്രമ നം 1 പദ്ധതി പ്രകാരം 112 എണ്ണത്തിനുള്ള തുകയുംആയതിന്റെ ഇൻസ്റ്റാലേഷൻ ചാർജ്ജും 130 എണ്ണത്തിന്റെ സൂപ്പർവിഷൻ ചാർജ്ജും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി വികസന ഫണ്ട് എസ് സി പി യാണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ ക്രമ നം 2 പ്രകാരമുള്ള പദ്ധതിയിൽ 18 എണ്ണത്തിന്റെ വില + ഇൻസ്റ്റാലേഷൻ ചാർജ്ജാണ് ചെലവഴിച്ചത്. ആയതിന് തനത് ഫണ്ടാണ് ചെലവഴിച്ചിരിക്കുന്നത്. തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ പദ്ധതിക്കായി സൂപ്പർവിഷൻ ചാർജ്ജിനത്തിൽ പ്ലാൻ ഫണ്ട് ചെലവഴിച്ചത് ശരിയല്ല.

2. സുലേഖ സോഫ്റ്റ് വെയർ പ്രകാരം ക്രമനം 2 പ്രകാരമുള്ള പദ്ധതിയ്ക്ക് തനത് ഫണ്ട് ചെലവ് രേഖപ്പെടുത്തി കാണുന്നില്ല.

3. ലൈറ്റുകൾ വിതരണം ചെയ്തത് സംബന്ധിച്ചോ സ്റ്റോക്കിലെടുത്തത് സംബന്ധിച്ചോ ഉള്ള യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതായി കാണുന്നില്ല.

5. തെരുവു വിളക്കുകളുടെ എണ്ണം, ഇനം, തരം കാണിക്കുന്ന രജിസ്ററർ സൂക്ഷിക്കുകയോ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തിട്ടില്ല.

6. സ്ഥാപനത്തിന്റെ പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

7. സൂപ്പർവിഷൻ ചാർജ്ജിനത്തിൽ കെ എസ് ഇ ബി യ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്. ലൈറ്റ് സ്ഥാപിച്ചതിന് കെ എസ് ഇ ബി യുടെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് ലഭ്യമാക്കിയതിൽ പ്രിയദർശിനി റോഡിൽ 20 എണ്ണവും എസ് സി സങ്കേതത്തിൽ 110 എണ്ണം സ്ഥാപിച്ചതായുമാണ് കാണിച്ചിരിക്കുന്നത്. ഇത് പദ്ധതികൾക്കായി വാങ്ങിയ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല.

8. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 4,18,405/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി- തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ലഭ്യമല്ല.

തെരുവു വിളക്കുകളുടെ അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം / പേര് | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|
| 17/18<br>പഞ്ചായത്തിലെ നിലവിലുള്ള ഡബിൾ ട്യൂബ് തെരുവു വിളക്കുകളുടെ അറ്റകുറ്റപണിയും കേടുവന്നവ മാറ്റി സ്ഥാപിക്കലും. | 1) ബിൽ നം . 28/17-18 /31.10.17 തുക 1,50,975/-<br>2)ബിൽ നം.6/17-18 /30.6.17 തുക 1,46,250/- |
| 18/18<br>പഞ്ചായത്തിലെ നിലവിലുള്ള സി എഫ് എൽ തെരുവു വിളക്ക് മറ്റ് വിളക്കുകൾ റിപ്പയർ ചെയ്യലും മാറ്റി സ്ഥാപിക്കലും. | 1)ബിൽ നം.7/17-18 /30.6.17 തുക 1,37,610/-<br>2)ബിൽ നം . 27/17-18 /31.10.17 തുക 89,505/- |

മേൽ രണ്ട് പദ്ധതികളിലും അറ്റകുറ്റപണികൾക്കായി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം വിശ്വംഭരൻ.ടി വി എന്നയാൾക്കാണ് കരാർ നൽകിയിരിക്കുന്നത്. പ്രോജക്ട് നം 17/18 പ്രകാരം ഡബിൾ ട്യൂബ് ഒന്നിന് 500/- രൂപ നിരക്കിൽ 630/- എണ്ണം റിപ്പയർ ചെയ്തതിനുള്ള തുകയായാണ് കൈമാറിയത്. 18/18 ാം നമ്പർ പദ്ധതി പ്രകാരം ഹൈമാസ്റ്റ്, മിനി ഹൈമാസ്റ്റ്, സോഡിയം ലാമ്പ് എന്നിവയാണ് റിപ്പയർ

ചെയ്തിരിക്കുന്നത്. പദ്ധതികളുടെ നടത്തിപ്പിലെ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവു വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെന്നിരിക്കെ അത്തരത്തിൽ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ പഞ്ചായത്ത് പരിധിയിൽ എത്ര ഡബിൾ ട്യൂബ്, ഹൈമാസ്റ്റ്, മിനി ഹൈമാസ്റ്റ് , സോഡിയം ലാമ്പ് ഉണ്ട് എന്നത് സംബന്ധിച്ച കൃത്യമായ ഒരു വിവരം ലഭ്യമല്ല. ഇക്കാരണത്താൽ തന്നെ റിപ്പയർ ചെയ്ത എണ്ണത്തിന്റെ ആധികാരികത പരിശോധിക്കുകയും സാധ്യമല്ല.

2. കരാറുകാരൻ എത്ര ലൈറ്റ് റിപ്പയർ ചെയതു എന്നത് സംബന്ധിച്ച് പോസ്റ്റ് നമ്പർ ഉൾപ്പെടെ ഒരു കണക്ക് ലഭ്യമാക്കിയിട്ടില്ല. വാർഡ് മെമ്പർമാരുടെയും പഞ്ചായത്ത് തയ്യാറാക്കിയതുമായ ഒരു കണക്കുമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

3. ഐ.ടി.ആക്ട് 1961 സെക്ഷൻ 194(സി) പ്രകാരം ഏതൊരു കരാർ പ്രവൃത്തി ചെലവിനും നിയമാനുസൃതമായ ആദായനികുതി ബാധകമാണ്. എന്നാൽ കരാറുകാരിൽ നിന്നും ഇപ്രകാരം ആദായനികുതി ഈടാക്കി കാണുന്നില്ല.

4.തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് കരാറുകാരൻ എന്തെങ്കിലും സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ കേട്ടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

5. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

6. തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും അപാകതകൾക്ക് വ്യകതമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-8 പൂർത്തീകരണ സാക്ഷ്യ പത്രം,വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, മറ്റ് സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ എന്നീ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യ പത്രം, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം/ പദ്ധതിയുടെ പേര് | ബിൽ നം / തി. / തുക | ഡെപ്പോസിറ്റ്/ വിഹിതം നല്കിയ സ്ഥാപനം | അപാകതകൾ |
|---|---|---|---|---|
| 1 | 234/18<br>വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1)52/17-18 /28.2.18 13,356/-<br>2) 34/17-18 /14.11.17<br>1,04,443/-<br>3) 35/17-18 /14.11.17<br>32,700/- | കെ.എസ്.ഇ.ബി, ബീച്ച് | 1)പൂർത്തീകരണ സാക്ഷ്യപത്രം / വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>2) കെ.എസ്.ഇ.ബി എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.<br>3) കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 2. | 281/18<br>ലൈഫ് ഭവന പദ്ധതി ജനറൽ | 66/17-18 /27.3.18<br>34,13,200/- | ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 3 | 102/18<br>നെൽകൃഷി കോൾപടവിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ | 1)59/17-18 /23.3.18<br>1,31,932/-<br>2) 43/17-18 /30.1.18<br>3,68,068/- | കെ.എസ്.ഇ.ബി,ചാവക്കാട് | 1)പൂർത്തീകരണ സാക്ഷ്യപത്രം / വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>2) കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.<br>3)കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 3 | 229/18<br>തെരുവു വിളക്കിനു വേണ്ടി പുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ 20 വാർഡുകളിലും | 1) 42/17-18 /12.2.18<br>89,810/-<br>2) 33/17-18 /31.10.17<br>4,43,755/-<br>3) 54/17-18 /28.2.18 | കെ.എസ്.ഇ.ബി,ചാവക്കാട്<br>കെ.എസ്.ഇ.ബി, പുന്നയൂർക്കുളം | 1)പൂർത്തീകരണ സാക്ഷ്യപത്രം / വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>2)കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | 1,66,435/- | | |
| 4. | 275/18<br>ലൈഫ് ഭവന പദ്ധതി - എസ് സി | 44/17-18 /12.2.18<br>10,03,000/- | ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 5 | 106/18<br>PMAY പദ്ധതിയുടെ 17-18 വർഷത്തിലെ വിഹിതം | 29/17-18 /31.10.17<br>7,00,000/- | ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 6 | 105/18<br>PMAY പദ്ധതിയുടെ 16-17 വർഷത്തിലെ വിഹിതം | 30/17-18 /31.10.17<br>2,20,000/- | ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 7 | 108/18<br>ഐ.എം.എ ബ്ലഡ് ബാങ്ക് | 21/17-18 /30.8.17<br>1,00,000/- | ജില്ലാ പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 8 | 214/18<br>ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | 20/17-18 /30.8.17<br>50,000/- | ജില്ലാ പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 9 | 6/18<br>ഐ.കെ.എം പ്രവർത്തന ഫണ്ട് വരിസംഖ്യ | 1)18/17-18 /30.8.17 75,000/-<br>2) 40/17-18 /25.1.18<br>21,925/- | ഐ.കെ.എം | രശീതി വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 10 | 22/18<br>പഞ്ചായത്തിലെ വിവിധ വാർഡുകളിൽ HT ലൈൻ വലിക്കലും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 1/17-18 /30.6.17<br>1,48,290/- | കെ.എസ്.ഇ.ബി,ചാവക്കാട്<br>കെ.എസ്.ഇ.ബി, പുന്നയൂർക്കുളം | 1)പൂർത്തീകരണ സാക്ഷ്യപത്രം / വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>2)കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 11 | വൈദ്യുതി ലൈൻ വലിക്കൽ 20 വാർഡുകളിലും | 2/17-18 /30.6.17<br>2,56,245/- | കെ.എസ്.ഇ.ബി,ചാവക്കാട് | 1)പൂർത്തീകരണ സാക്ഷ്യപത്രം / വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | 2)കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| | ആകെ | 73,38,159/- | | |

രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 73,38,159/- തടസ്സപ്പെടുത്തുന്നു.

## 3-9 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് - കൃത്യമായ വിവരം ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രോജക്ട് നം. 107/18

ബിൽ നം 53/17-18 / 28.2.18 തുക 47,000/-

പദ്ധതി പ്രകാരം 15ഡെസ്ക് ടോപ്പ്, 6 ലേസർ പ്രിന്റർ, 2ഡോട്ട്മെട്രിക്സ് പ്രിന്റർ, 1സെർവർ എന്നിവയുടെ വാർഷിക മെയിന്റനൻസിന് വേണ്ടിയാണ് പി. സി ക്ലിനിക്, തൃശ്ശൂർ എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. എന്നാൽ ഏതെല്ലാം കമ്പ്യൂട്ടറുകൾക്കും പ്രിന്ററുകൾക്കുമാണ് എ.എം.സി നൽകിയത് എന്ന കൃത്യമായ കണക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹാർഡ് വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക രജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്റർ പൂർണ്ണമല്ല. സാധനങ്ങൾ സപ്ലൈ ചെയ്യുന്ന തിയതി, വാറണ്ടി, എ.എം.സി നൽകുന്ന വിവരങ്ങൾ എന്നിവ ചേർക്കുന്നില്ല. ആയതിനാൽ തന്നെ എതെല്ലാം ഇനങ്ങൾക്കാണ് തൻവർഷം എ.എം.സി നൽകിയത് എന്ന വിവരം ഇതിൽ നിന്നും ലഭ്യമാകുന്നില്ല. ഏതെല്ലാം കമ്പ്യൂട്ടറുകൾക്കും പ്രിന്ററുകൾക്കുമാണ് എ.എം.സി നൽകിയത് എന്ന വിവരം ലഭ്യമാക്കേണ്ടതും രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അപാകതകളുടെ വെളിച്ചത്തിൽ 47,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 അംഗൻവാടി കെട്ടിടനിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല.

2017-18 വർഷത്തിൽ 64, 49, 40, 57 എന്നീ നമ്പർ അംഗൻവാടികളുടെ നിർമ്മാണത്തിന് വേണ്ടി കോസ്റ്റ് ഫോർഡിന് തുക കൈമാറിയിട്ടുണ്ട്. 2016-17 വർഷത്തിൽ 10,00,000/- വീതം അടങ്കൽ വെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തികൾക്ക് 2,00,000/- രൂപ വീതം ആ വർഷം ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗൻവാടി നം | ബിൽ നം /തിയതി | തുക |
|---|---|---|
| 64 | 13/17-18/30.8.17 | 200000 |
| 49 | 31/17-18/31.10.17 | 74505 |
| | 15/17-18/30.8.17 | 200000 |
| 40 | 14/17-18/30.8.17 | 200000 |
| 57 | 16/17-18/30.8.17 | 200000 |

കോസ്റ്റ് ഫോർഡിന് തുക നൽകിയതുമായി ബന്ധപ്പെട്ട് യാതൊരു ചെലവു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ( പ്രോജക്റ്റ്, ട്രഷറി ബിൽ ഒഴികെ) കെട്ടിട നം 64, 49 എന്നിവയുടെ നിർമ്മാണത്തിന് നൽകിയ 8,00,000/-രൂപയുള്ള വിനിയോഗവിവരം (2016-17- 4,00,000 + 2017-18- 4,00,000 )മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 40, 57 നമ്പർ കെട്ടിടങ്ങൾക്ക് നാളിതുവരെ ചെലവഴിച്ച തുകയുള്ള വിനിയോഗ വിവരം കോസ്റ്റ് ഫോർഡിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

2016-17 വർഷത്തിലും 2017-18 വർഷത്തിലും അംഗൻവാടി നം 36, 43, 63, 50, 45 എന്നിവയുടെ നിർമ്മാണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും നടപ്പിലാക്കി കാണുന്നില്ല. മേൽ അപാകതകളുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ടതിന് നിലവിൽ 64, 49, 36, 43, 63 എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ 36, 43, 63 എന്നീ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് മേൽ രണ്ട് വർഷങ്ങളിലും തുക ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും, നിലവിൽ നിർമ്മാണമാരംഭിച്ചിട്ടുള്ള കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, നൽകിയ തുകയുള്ള വിനിയോഗവിവരം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 4,74,505/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## **3-11** <u>വിവാഹ ധനസഹായം -മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും അധികരിച്ച് നല്കിയ **25000/-** രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു</u>

പ്രോജക്റ്റ് - വിവാഹ ധനസഹായം

പ്രോജക്റ്റ് നമ്പർ - 204/18

ബിൽ നമ്പർ - 3/17-18 dt.14/11/17

തുക - 225000/-

നിർവ്വഹണം - അസി.സെക്രട്ടറി

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നല്കുന്നതിനായി നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റ് പ്രകാരം സരോജനി ബാലകൃഷ്ണൻ, കാട്ടിൽ ഹൗസ്, എടക്കഴിയൂർ എന്നവരുടെ മകളായ സുബിതയുടെ വിവാഹത്തിന് 75,000/- രൂപ (ബാലകൃഷ്ണന്റെ എസ്.ബി.ഐ പുന്നയൂർ അക്കൗണ്ട് നമ്പർ 3293320502) നല്കിയിട്ടുണ്ട്. പഞ്ചായത്ത് നല്കിയ വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം( സർട്ടിഫിക്കറ്റ് നമ്പർ 4695/16 തീ.17.10.16/ ) 14/7/16 നാണ് വിവാഹം നടന്നിട്ടുള്ളത്. 2017-18 വർഷത്തെ മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം. 80/17/ത.സ്വ.ഭ.വ തീ.03/4/17 പ്രകാരം 75,000/-രൂപയ്ക്ക് അർഹത ടി ഉത്തരവിന്റെ തീയ്യതി മുതൽക്കാണ്, മുൻകാല പ്രാബല്യം ഇല്ല. 2016-17 പദ്ധതി കാലയളവിൽ നടന്ന (14/7/16) വിവാഹത്തിന് ആ കാലയളവിലെ മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം. 4/2016 ത.സ്വ.ഭ.വ തീ.11.1.16പ്രകാരമുള്ള 50,000/-രൂപയ്ക്കേ അർഹതയുള്ളൂ. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിൽ അധികരിച്ച് നല്കിയ 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ധനസഹായം കൈപ്പറ്റിയ വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-12 ഭവന നിർമ്മാണം 2015-16 ൽ ആരംഭിച്ച -തുക കൈപ്പറ്റിയിട്ടും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് - ഭവന നിർമ്മാണം(ജനറൽ)

പ്രോജക്ട് നമ്പർ - 135/18,

നിർവ്വഹണം - വി.ഇ.ഒ (എടക്കഴിയൂർ സർക്കിൾ)

2015-16 ൽ ആരംഭിക്കുകയും 2017-18 ൽ സ്പിൽ ഓവർ ആയി തുടരുകയും ചെയ്യുന്ന മേൽ ഭവന നിർമ്മാണ പ്രോജക്ട് പ്രകാരം തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | ബിൽ നമ്പർ,തീയ്യതി/തുക | തൻ വർഷം നല്കിയ തുക | നാളിതുവരെ നല്കിയ തുക (തൻവർഷത്തേത് ഉൾപ്പെടെ) |
|---|---|---|---|---|
| 1 | നഫീസ ബാപ്പൂട്ടി, നരക്കിലയിൽ വീട് | 05/17-18/23.3.18,<br>1,00,000/- | 40,000/- | 1,80,000/- |
| 2 | സുലൈഖ ഇസ്മയിൽ, വലിയ പുരയ്ക്കൽ | 9/17-18/27.3.18,<br>1,40,000/- | 1,00,000/- | 1,20,000/- |
| 3 | യൂസഫ് ബീരാവുണ്ണി, കിഴക്കത്തറ<br>(നിലവിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു) | 01/17-18/14.02.18,<br>3,20,000/-<br>3/17-18/23.3.18,<br>1,80,000/-<br>(പ്രോജക്ട് നം.279/18-ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നല്കി) | 40,000/-<br>60,000/- | 2,40,000/- |
| 4 | സഫീന കബീർ, ചെറുവത്തയിൽ<br>(നിലവിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു) | 01/17-18/14.02.18,<br>3,20,000/-<br>3/17-18/23.3.18,<br>1,80,000/-<br>(പ്രോജക്ട് നം.-279/18- ലൈഫ് മിഷൻ | 60,000/-<br>1,20,000/- | 2,60,000/- |

| | | | | |
|---|---|---|---|---|
| | | പദ്ധതിയിൽ ഉൾപ്പെടുത്തി നല്കിയ തുക) | | |
| 5 | ഷബ്ന ലത്തീഫ്, മുക്കിലപ്പീടികയിൽ | 01/17-18/14.02.18, 3,20,000/- | 40,000/- | 1,80,000/- |
| | ആകെ | | 4,60,000/- | |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി കരാർ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണം സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ തൻവർഷത്തെ ചെലവ് തുകയായ 4,60,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ച് ഭൂമി വാങ്ങി നല്കിയിട്ട് വർഷങ്ങളായെങ്കിലും ഭവന നിർമ്മാണം നടത്തുകയോ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല-പഞ്ചായത്തിന്റെ ഫണ്ട് നിഷ്ക്രിയമായികിടക്കുന്നു

പ്രോജക്ട് – ഭൂമി വാങ്ങി നല്കൽ (എസ്.സി.പി)

പ്രോജക്ട് നമ്പർ - 222/18,

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

തൻവർഷ ചെലവ് -6,00,000/-

ബിൽ നമ്പർ -2/As/1/2017/30.6.17

ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങുന്നതിന് സഹായധനം നല്കുന്നതിന്റെ ഭാഗമായി 2017-18 വർഷം 4 ഗുണഭോക്താക്കൾക്ക് 1,50,000/-രൂപ വീതം നല്കിയിട്ടുണ്ട്. 2016-17 വർഷത്തെ പ്രോജക്ടായ 49/17ന്റെ സ്പിൽ ഓവർ പ്രോജക്ടായിട്ടാണ് ഈ വർഷവും പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

കഴിഞ്ഞ 5വർഷങ്ങളിലായി ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നടപ്പാക്കിയ വർഷം | പദ്ധതി നമ്പർ | എസ്.സി/ ജനറൽ | നിർവ്വഹണം | ഗുണഭോ ക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഭവന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2013-14 | 4/14 | ജനറൽ | വി.ഇ.ഓ | 20 | 2000000 | 2പേർ സ്വന്ത മായി വീട് പണി തിട്ടുണ്ട്, 6പേർ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2013-14 | 5/14 | എസ്.സി | വി.ഇ.ഓ | 5 | 750000 | ഒരാൾ സ്വന്തമായി വീട് പണിതിട്ടുണ്ട്. |
| 2014-15 | 19/15 | ജനറൽ | വി.ഇ.ഒ | 8 | 800000 | ആരും വീട് പണിനട ത്തുകയോ, പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല. |
| 2015-16 | 20/16 | ജനറൽ | വി.ഇ.ഒ | 5 | 500000 | ഒരാൾ ഐ എ വൈ പദ്ധതി പ്രകാരം നിർമ്മാണം നടത്തി, ഒരാൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2016-17 | 49/17 | എസ്.സി | അസി.സെക്രട്ടറി | 2 | 300000 | ആരും വീട് പണിനടത്തുകയോ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല. |
| 2017-18 | 222/18 | എസ്.സി | അസി.സെക്രട്ടറി | 4 | 600000 | 2പേർ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| ആകെ | | | | 44 | 4950000 | |

44 പേർക്ക് ഭൂമിവാങ്ങുന്നതിനായി പഞ്ചായത്ത് 49,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ

4പേർ മാത്രം ഭവനനിർമ്മാണം നടത്തുകയും 9 പേർ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ളവെന്നും ബാക്കി 31 പേരും നാളിതുവരെ ഭവനനിർമ്മാണം നടത്തുകയോ, പഞ്ചായത്തിന്റെ ഏതെങ്കിലും ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ലയെന്നാണ് മേൽ കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. (ഓഡിറ്റ് എൻക്വയറി നം.17/15.10.18 നുള്ള മറുപടിയിൽ വി.ഇ .ഓ ലഭ്യമാക്കിയകണക്കുകൾ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്).

"ഭൂരഹിതരില്ലാത്ത ഭവനരഹിതരില്ലാത്ത കേരളം" എന്ന സർക്കാർ ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായിട്ടാണ് മേൽ പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാർ ഗ്രാന്റുകൾ ലഭ്യമാക്കുന്നത്. എന്നാൽ ഈ ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ തുടർ പദ്ധതികളിൽ മേൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ നടപ്പാക്കാതിരുന്നതിനാലാണ് മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഇപ്പോഴും അനിശ്ചിതാവസ്ഥയിൽ തുടരുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ വർഷവും ആവർത്തന സ്വാഭാവമുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മുൻവർഷങ്ങളിൽ പദ്ധതിനടപ്പാക്കിയതിന്റെ ഫലപ്രാപ്തിയെക്കുറിച്ച് വിലയിരുത്തലുകൾ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി (ക്ഷേമകാര്യം) എന്നിവയിൽ നടന്നിട്ടില്ലയെന്നാണ് മിനിറ്റ്സുകളിലെ രേഖപ്പെടുത്തലുകളിൽ നിന്ന് വ്യക്തമാകുന്നത്. ഓരോ വർഷവും പദ്ധതിയ്ക്ക് അനുമതി ലഭ്യമാക്കി നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതോട് കൂടി പദ്ധതി നിർവ്വഹണത്തിന്റെ ഉത്തരവാദിത്വം അവസാനിക്കുന്നില്ല. പഞ്ചായത്തിന്റെ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റികൾ ഇതിന്റെ നിർവ്വഹണം, പൂർത്തീകരണം, ഫലപ്രാപ്തി എന്നിവ വിലയിരുത്തിവേണം തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഇവിടെ 31പേർക്കു സ്ഥലം വാങ്ങുന്നതിനായി ചെലവഴിച്ച തുക നിഷ്ഫലമായികിടക്കുന്ന സാഹചര്യമാണ് നിലനില്ക്കുന്നത്. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ അടിയന്തിര ഇടപെടൽ അനിവാര്യമാണ്. അല്ലാത്ത പക്ഷം പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് വാങ്ങിയസ്ഥലം ദുർവിനിയോഗം ചെയ്യാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

# 3-14 നീർത്തട മാസ്റ്റർ പ്ലാൻ -നിർവ്വഹണ ഏജൻസിയുമായി കരാർ വച്ചിട്ടില്ല,പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല -ചെലവ് തുക 558481/-തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് – നീർത്തട മാസ്റ്റർ പ്ലാൻ

പ്രോജക്ട് നമ്പർ - 278/18

ബിൽ നമ്പർ - 17/17-18 dt.28/3/18

തുക - 5,58,481/-

നിർവ്വഹണം -കൃഷി ഓഫീസർ

നിർവ്വഹണ ഏജൻസി - ഐ.ആർ.റ്റി.സി, പാലക്കാട്

കൃഷി അനുബന്ധ മേഖലകളിലേക്ക് പദ്ധതികൾ നിർമ്മിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയ്ക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നതിനുമായിട്ടാണ് സർക്കാർ ഏജൻസിയായ ഐ.ആർ.റ്റി.സി, പാലക്കാട് മുഖേന സർവ്വേ നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ഐ.ആർ.റ്റി.സി രജിസ്ട്രാർ നല്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രകാരം തുക

നല്കിയിട്ടുള്ളത്. സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ തീ.8/11/10 പ്രകാരം ഐ.ആർ.റ്റി.സി യുമായി കരാർ വച്ചിട്ടില്ല. ആയതിനാൽ ഈ പദ്ധതിയുടെ നിർവ്വഹണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽനിന്ന് ലഭ്യമല്ല.

കരാർ വയ്ക്കാതിരുന്നതിന്റെ കാരണം, നിലവിൽ ഈ പദ്ധതിയുടെ പുരോഗതി, എപ്രകാരം നിർവ്വഹണം നടത്താനാണ് ലക്ഷ്യമിട്ടിരുന്നത് എന്നീ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 13/12.10.18 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.
കൃഷി അനുബന്ധമേഖലകളിലേക്ക് പദ്ധതികൾ തയ്യാറാക്കുന്നതിന് വളരെ ഉപകാരപ്രദമാണ് നീർത്തട മാസ്റ്റർ പ്ലാൻ. ആയത് എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതും, ടി പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട്, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 5,58,481/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 നെൽവിത്ത് വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക 421200/- തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നമ്പർ - 232/18

പ്രോജക്ട് –നെൽകൃഷിവികസനം

ബിൽ നമ്പർ - 11/17-18 dt.16/3/18

തുക – 3,61,200/- (9030kgx40=361200)

നിർവ്വഹണം -കൃഷി ഓഫീസർ

മേൽ പദ്ധതിയുടെ ഭാഗമായി 9030 kg നെൽ വിത്ത് kerala state seed develpment authority യിൽനിന്ന് വാങ്ങിയിട്ടുണ്ട്. നെൽവിത്ത് കർഷകർക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.(ഇൻവോയിസ് നമ്പർ -948/17-18 dt.9/9/17 പ്രകാരം 6000kg ജ്യോതി നെൽവിത്ത്, 1575/17-18 dt.21/11/17 പ്രകാരം 1020kg ജ്യോതി നെൽവിത്ത്, 2010kg ഉമ നെൽവിത്ത്)

പ്രോജക്ട് - പച്ചക്കറി വിത്ത് വിതരണം

പ്രോജക്ട് നമ്പർ - 225/18

ബിൽ നമ്പർ - 9/17-18 dt.16/3/18

തുക - 60,000/-

മേൽ പദ്ധതിയുടെ ഭാഗമായി കര നെൽകൃഷിയ്ക്കായി 1500kg നെൽ വിത്ത് kerala state seed develpment authority യിൽനിന്ന് വാങ്ങിയിട്ടുണ്ട്. നെൽവിത്ത് കർഷകർക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. (ഇൻവോയിസ് നമ്പർ 1775/17-18 dt.2.2.18 പ്രകാരം

1500kg കാഞ്ചന നെൽവിത്ത്). ഇതിനായി നല്കിയ തുക 60000(1500x40).
ഓഡിറ്റ് എൻക്വയറി നമ്പർ 14/12.10.18 വിതരണ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.
വിതരണ രേഖകൾ ലഭ്യമാക്കുംവരെ ചെലവ് തുകയായ 4,21,200/-(361200+60000)രൂപ താത്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 പദ്ധതികൾ നടപ്പാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ തയ്യാറാക്കുന്നില്ല.

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 72/2017/ത.സ്വ.ഭ.വ തീ 29.03.2017 ഖണ്ഡിക 14.6 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ഇതേ ഉത്തരവ് ഖണ്ഡിക 14.8 പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്റ്റ് നിർവ്വഹണം പൂർത്തീകരിച്ച ശേഷം പ്രോജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തി പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതുമാണ്. ഇത് സാമ്പത്തിക വർഷാവസാനം പദ്ധതി വിലയിരുത്താൻ സഹായിക്കുന്ന രേഖയായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ നടപ്പാക്കിയ പ്രോജക്റ്റുകൾ ഒന്നിലും മോണിറ്ററിംഗ് നടത്തിയതായോ നിർവ്വഹണോദ്യഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കിയതായോ കാണുന്നില്ല. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-17 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് അംഗൻവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ എണ്ണം | 33 | |
| 2 | അംഗൻവാടി കുട്ടികളുടെ എണ്ണം | 591 | |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 19 | |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 13 | ഒരെണ്ണം പഞ്ചായത്ത് ലൈബ്രറിയിൽ പ്രവർത്തിക്കുന്നു |
| 5 | അംഗൻവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചിനീയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 33 | |
| 7 | ശൗച്യാലയങ്ങളുള്ളത് | 33 | |

| | | | |
|---|---|---|---|
| 8 | ചുറ്റമതിലുള്ളത് | 14/19 | |
| 9 | വൈദ്യുതീകരിച്ചത് | 17/19 | |
| 10 | വാട്ടർ കൺക്ഷനുള്ളത് | - | |
| 11 | ധാന്യ സംഭരണിയുള്ളത് | 33 | |
| 12 | എൽ.പി.ജി. കണക്ഷനുള്ളത് | 33 | |
| 13 | ബേബി ഫ്രണ്ടിലിയായത് | - | |
| 14 | 31-03-2017 തിയ്യതിയിൽ അംഗൻവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ, ഗ്രാമപഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | 2237005 | |
| 15 | നിരീക്ഷണ കമ്മിറ്റി രൂപീകരിച്ച അംഗൻവാടികളുടെ എണ്ണം | 33 | |
| 16 | നിരീക്ഷണ കമ്മിറ്റി യോഗങ്ങളുടെ എണ്ണം | 228 | |
| 17 | അംഗൻവാടിയിൽ വിതരണം പോഷകാഹാരം സംബന്ധിച്ച്, നിരീക്ഷണ കമ്മിറ്റി പരാതിയെന്തെങ്കിലും അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല | |
| 18 | സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3 -312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ വിശദാംശം | പരിശോധനയ്ക്ക് അയച്ചതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല | |

മേൽ വിശദാംശത്തിൽ നിന്നും പഞ്ചായത്തിലെ 14 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലായെന്ന് വ്യക്തമാകുന്നത്. കൂടാതെ സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികൾക്കും വൈദ്യുതി, വാട്ടർ കണക്ഷൻ, ചുറ്റമതിൽ, ബേബി ഫ്രണ്ടിലി ടോയിലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായിട്ടാണ് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. നിലവിൽ 14 അങ്കണവാടികൾക്കും സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ടെന്നും ആയതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നതായും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. കേന്ദ്രവിഹിതമായി അനുദിച്ച തുകയിൽ ഗ്രാമപഞ്ചായത്ത് കൈവശം 22,37,005/- രൂപ നീക്കിയിരിപ്പുള്ളതായിട്ടാണ് വാർഷിക കണക്കിൽ നിന്നും വ്യക്തമാക്കുന്നത്. ഈ തുക അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനല്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 വാഹന പരിപാലനം അപാകതകൾ

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന ബൊലറോ ജീപ്പ് കെ.എൽ.46.ബി-4659ന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1. ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ ലോഗ് ബുക്കിൽ രേഖപ്പടുത്തിയിട്ടില്ല.
3. ഇന്ധനക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിച്ച് സൂക്ഷിച്ചിട്ടില്ല.
4. വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
6. 23-3-18 തിയ്യതി വൗച്ചർ നമ്പർ നം.217000924/18 പ്രകാരം മൂന്ന് ടയറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ടി വിവരം ലോഗ്ബുക്കിലോ, മറ്റ് സ്റ്റോക്ക് രജിസ്റ്ററുകളിലോ രേഖപ്പെടുത്തിയിട്ടില്ല. റിപ്പയർ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിലും രേഖപ്പെടുത്തിയിട്ടില്ല.
7. വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ച് ചട്ട പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 3-19 നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

ഹെഡ് മിസ്ട്രസ് ഗവ.എൽ.പി. സ്കൂൾ നടപ്പാക്കിയ പദ്ധതി പ്രകാരം നം.132/18(ബിൽ നം- KD/17-18/2687 തീ.22.03.2018 തുക 54,000/-)(സ്കൂളുകൾക്ക് സിൻടെക്സ് ടാങ്ക് വാങ്ങി നൽകൽ) പ്രകാരം മൂന്ന് സ്കൂളുകൾക്ക് സിൻടെക്സ് ടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടില്ല. മാത്രമല്ല ലഭ്യമാക്കിയ സ്കൂളുകളുടെ സ്റ്റോക്ക് രജിസ്റ്ററിലും പ്രസ്തുത ഇനം വരവ് വെച്ചിട്ടില്ല. പദ്ധതി തുക ഉപയോഗിച്ച് വാങ്ങുന്ന സാധനങ്ങൾ പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടുന്നതിനാൽ നിർബന്ധമായും പഞ്ചായത്തിന്റെ മാസ്റ്റർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്യേണ്ടതാണ്.

പദ്ധതി നമ്പർ112/18 സ്കൂളുകൾക്ക് പ്രൊജക്ടർ സ്ക്രീൻ, ക്യാമറ എന്നിവ വാങ്ങി നൽകിയ പദ്ധതിക്കായി 1,25,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.(ബിൽ നമ്പറുകൾ ITC/049/17-18 ,ITC/050/17-18 തീയതി 24.03.2018) അൻപതിനായിരം രൂപക്ക് മുകളിലുള്ള വാങ്ങൽ നടത്തിയിട്ടുള്ളത് ലിമിറ്റഡ് ടെണ്ടറിനു പകരം ക്വട്ടേഷൻ മുഖാന്തിരമാണെന്ന് ഫയൽ പരിശോധനയിൽ കാണുകയുണ്ടായി. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം രണ്ട് പ്രാവശ്യം ടെണ്ടർ നടപടികൾ നടത്തിയിരുന്നെങ്കിലും ആരും തന്നെ പങ്കെടുക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ വഴി വാങ്ങിയതെന്നാണറിയിച്ചിരിക്കുന്നത്. കൂടാതെ വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തിയതിന്റെയും, അനുയാജ്യമായ സ്പെസിഫിക്കേഷന്റെ വിവരങ്ങളും, അനുയോജ്യമായത് തെരഞ്ഞെടുക്കുന്നതിന് താരതമ്യപഠനം നടത്തിയതിന്റെ വിവരങ്ങളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി., വെറ്റിനറി സർജൻ എന്നിവർ നടപ്പിലാക്കിയ പദ്ധതികളുടെ തുകകൾ പിൻവലിച്ചപ്പോൾ ട്രഷറി ബിൽ ബുക്കിൽ പദ്ധതി വിവരങ്ങൾ ചേർത്തിരുന്നില്ല. ട്രഷറി

ബിൽ ബുക്കിൽ ആവശ്യമായ വിശദാംശങ്ങൾ ചേർക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-20 കാദരിയ്യ റോഡിൽ കാനയ്ക്ക് മുകളിൽ സ്ലാബിടൽ - എസ്റ്റിമേറ്റിൽനിന്നും വ്യതിയാനം

പ്രോ.നം. 136/18

കരാറുകാരൻ - സന്തോഷ് ജാക്ക്

MB No.57/17-18

ട്രഷറി ബിൽ നം. 86/28-3-18 Rs. 3,99,755/-

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കാദരിയ്യ റോഡിൽ 92 മീറ്റർ നീളത്തിലും, കാദരിയ്യ-പഞ്ചവടി ലിങ്ക് റോഡിൽ 88 മീറ്റർ നീളത്തിലും കവർ സ്ലാബിടാനായിരുന്നു പദ്ധതി. എന്നാൽ യഥാക്രമം 182 മീറ്റർ, 165മീറ്റർ എന്നിങ്ങനെയാണ് ചെയ്തിരിക്കുന്നത്. സ്ലാബിന്റെ വീതിയിലും വ്യത്യാസം വരുത്തിയിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ എം.ബുക്കിൽ കാരണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5 dt.10/10/18) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രവൃത്തിയിൽ വ്യത്യാസം വരുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-21 വിട്ടുകിട്ടിയ സ്ഥലങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

ഭരണസമിതിയുടെ 26/5/17 ലെ അജണ്ട-1 തീരുമാനം-4 പ്രകാരം താഴെ പറയുന്ന വിട്ടുകിട്ടിയ റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നു.

1. കുറുക്കൻചാൽ റോഡ് വാർഡ് -1

2. ഇന്ദിരാഗാന്ധി റോഡ് വാർഡ് -2

3. പഞ്ചായത്ത് പടിഞ്ഞാറുഭാഗം റോഡ് വാർഡ് -7

4. ഫിഷറീസ് കോളനി റോഡ് വാർഡ് -11

5. അലി മെമ്മോറിയൽ റോഡ് വാർഡ് - 14

6. നാലാം കല്ല് കുഞ്ചേരി റോഡ് വാർഡ് -16

7. ഖലീഫ കോളനി റോഡ് വാർഡ് -18

8. സി എച്ച് റോഡ് വാർഡ് - 20

9. രാജാ ബീച്ച് റോഡ് വാർഡ് - 17

10. കെ വി ബാബു സാഹിബ് റോഡ് വാർഡ് -10 (തീരുമാനം 10)

കൂടാതെ താഴെ പറയുന്ന അംഗൻവാടികൾക്കായി വിട്ടുകിട്ടിയ സ്ഥലങ്ങൾ ഏറ്റെടുത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. (തീരുമാനം-8, അജണ്ട-1 dt.26/5/17).

| അംഗൻവാടി നം. | സർവ്വേ നം. | വിസ്തൃതി |
|---|---|---|
| 35 | 111/2 | 3 സെന്റ് |
| 46 | 206 | 3സെന്റ് |
| 48 | 125/8 | 3സെന്റ് |
| 60 | 18/1 | 3സെന്റ് |
| 61 | 45/1 | 3സെന്റ് |
| 62 | 55/10 | 3സെന്റ് |
| 58 | 22/1 | 4സെന്റ് |
| 53 | 47/3 | 3സെന്റ് |
| 55 | 63/1 | 5.5 സെന്റ് |
| 56 | 11/4 | 5.5 സെന്റ് |
| 58 | 22/1 | 3സെന്റ് |

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.23 തീയതി.17/10/18 ന് നല്കിയ മറുപടിയിൽ മുകളിൽ കാണിച്ച റോഡുകളും സ്ഥലങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, മിക്കവയിലും റോഡ് നിർമ്മാണ പ്രവൃത്തികൾ, കെട്ടിട നിർമ്മാണ പ്രവൃത്തികൾ എന്നിവ ആരംഭിച്ചിട്ടുണ്ടെന്നും അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

എന്നാൽ വിട്ടുകിട്ടിയ ഈ സ്ഥലങ്ങൾ ഒന്നും തന്നെ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് വില്ലേജിൽ പോക്കു വരവ് നടത്തിയിട്ടില്ല. ആയതുകൊണ്ടുതന്നെ വില്ലേജ് രേഖകളിലും മറ്റും ഈ സ്ഥലങ്ങൾ ഇപ്പോഴും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ തന്നെയായിരിക്കും. സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യാത്ത ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും, അവയിൽ സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതും ശരിയായ നടപടിയല്ല. മാത്രമല്ല, ഇവ പിന്നീട് നിയമ പ്രശ്നങ്ങൾ ഉണ്ടാക്കാനും സാധ്യതയുണ്ട്. ആയതിനാൽ മേൽകാണിച്ച ആസ്തികളുടെ പോക്കുവരവ് എത്രയും വേഗം നടത്തേണ്ടതാണ്.

## 3-22 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

2017-18 വർഷത്തെ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ പൊതുവായി കാണുന്നു.

1. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷം ഒരു തവണ മാത്രമാണ് ചേർന്നിട്ടുള്ളത്. 2/5/17 ന് ചേർന്ന പ്രസ്തുത യോഗത്തിന്റെ മിനിട്സിൽ താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

“2017-18 വർഷത്തെ കരട് പദ്ധതിയിലെ പൊതുമരാമത്ത് പ്രവൃത്തികളെക്കുറിച്ച് ചർച്ച ചെയ്തു. പൊതുമരാമത്ത് പദ്ധതികളെ യോഗത്തിൽ ചേർന്ന എല്ലാവരും അംഗീകരിച്ചു.”യോഗത്തിന്റെ ഹാജർ

രേഖപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ടുതന്നെ മീറ്റിംഗ് നടന്നുവോ എന്നതുപോലും വ്യക്തമല്ല. പുതിയ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉയർന്നുവരേണ്ടതിനു പകരം ഏതോ തലത്തിൽ തീരുമാനിച്ച പദ്ധതികൾ അംഗീകരിക്കുക മാത്രമാണ് നടന്നിട്ടുള്ളത് എന്നത് വ്യക്തമാണ്.

പദ്ധതി ആസൂത്രണത്തിന് ശേഷം പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറേണ്ടതാണ്.

എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ എവിടേയും മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ട് വെച്ചിട്ടുണ്ടെങ്കിലും ഇതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന്റേയും പഞ്ചായത്ത് പ്രസിഡന്റിന്റേയും ഒപ്പുകൾ മാത്രമേയുള്ളൂ. ആയതിനാൽ മോണിറ്ററിംഗ് യഥാവിധി നടന്നിട്ടില്ല എന്നത് വ്യക്തമാണ്.

2. ചെറിയ റോഡുകൾ പോലും മുഴുവനായി ഏറ്റെടുക്കാതെ ഘട്ടം ഘട്ടമായി ചെയ്യുന്നു.

ഫണ്ടുകൾ വാർഡുതലത്തിൽ വിഭജിക്കുന്നതുമൂലം കേവലം 150 മീറ്റർ നീളമുള്ള റോഡുകൾ പോലും മുഴുവനായി പ്രവൃത്തി നടത്താതെ പല വർഷങ്ങളിൽ പല ഘട്ടങ്ങളായി ചെയ്യുന്ന രീതിയാണ് പഞ്ചായത്തിൽ പിന്തുടരുന്നത്. ഏതാനും ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോ.നം | പ്രവൃത്തിയുടെ പേര് | ആകെ നീളം ആസ്തി രജി. പ്രകാരം | ചെയ്ത നീളം |
|---|---|---|---|---|
| 1 | 145/18 | നാലാം കല്ല് കുഞ്ചേരി ലിങ്ക് റോഡ് മെറ്റലിംഗ് & ടാറിംഗ് | 150 മീറ്റർ | 37 മീറ്റർ |
| 2 | 84/18 | താഹാപള്ളി മൂന്നയിനി ലിങ്ക് റോഡ് റീ ടാറിംഗ് | 420 മീറ്റർ | 60 മീറ്റർ |
| 3 | 37/18 | 49ാം നമ്പർ അംഗൻവാടി റോഡ് മെറ്റലിംഗ് & ടാറിംഗ് | 300 മീറ്റർ | 187.50 മീറ്റർ |
| 4 | 36/18 | ബദർപള്ളി ബീച്ച് മൊയ്തീൻ പള്ളി റോഡ് | 800 മീറ്റർ | 250 മീറ്റർ |
| 5 | 66/18 | അവിയൂർ ആറാംകല്ല് റോഡ് ടാറിംഗ് | 400മീറ്റർ | 218 മീറ്റർ |

ഇത്തരത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതു മൂലം പ്രവൃത്തികളുടെ എണ്ണം വളരേയധികം വർദ്ധിക്കുന്നതിനും, പ്ലാന്റ്, മെഷിനറി, സാധനങ്ങൾ, കൂലിക്കാർ എന്നിവയുടെ ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ കരാറുകാരനും ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു. കൂടാതെ റീച്ചുകൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ആവർത്തനമുണ്ടാകുന്നുണ്ടോ എന്നും പരിശോധിക്കാനാകുന്നില്ല.

3. പ്രവൃത്തികളുടെ ബാഹുല്യം എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈകാര്യം ചെയ്യാവുന്നതിലും അധികം.

പഞ്ചായത്തിൽ 2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച 129 പദ്ധതികളിൽ 94 പദ്ധതികളാണ് നടപ്പാക്കിയത്. പദ്ധതികൾ ആവിഷ്കരിക്കുക, റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുക, അംഗീകാരം നേടുക, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ നടത്തുക, കരാറുകാരനുമായി കരാറിൽ

ഏർപ്പെടുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, എം ബുക്കിൽ രേഖപ്പെടുത്തുക, ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ കൊടുക്കുക, ചെക്ക് മെഷർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, മീറ്റിംഗുകളിൽ പങ്കെടുക്കുക, ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് ടാക്സ് തുടങ്ങിയവയുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ മരാമത്ത് വിഭാഗത്തിനുണ്ട്. കേവലം ഒരു അസി.എഞ്ചിനീയറും, രണ്ട് ഓവർസിയർമാരുമാണ് മരാമത്ത് വിഭാഗത്തില് സ്ഥിരമായുള്ളത്. ഒരു വർഷത്തിന്റെ അവസാന നാലോ, അഞ്ചോ മാസങ്ങൾക്കുള്ളിൽ ഇത്രയും പ്രവൃത്തികൾ ചെയ്യുമ്പോൾ യഥാവിധി പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നത് അസാധ്യമായിത്തീരുന്നു. ഇത് പ്രവൃത്തികളുടെ ഗുണമേന്മയേയും ബാധിക്കും.

4. ആസ്തി രജിസ്റ്ററിൽ ഒരേ പേരിൽ ഒന്നിലധികം റോഡുകൾ

ആസ്തി രജിസ്റ്ററിൽ നിരവധി തെറ്റുകൾ ഉണ്ട്. ഒരേ പേരിൽ ഒന്നിലധികം റോഡുകൾ കാണുന്നുണ്ട്. ഇത്തരത്തിൽ 2017-18 വർഷം നിർവ്വഹിച്ച രണ്ട് റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോ. നം | പ്രവൃത്തിയുടെ പേര് | ആസ്തി നം | നീളം |
|---|---|---|---|---|
| 1 | 191/18 | സി എച്ച് റോഡ് കോൺക്രീറ്റിംഗ്- വാർഡ് 20 | 171510050000000092 | 133 മീറ്റർ |
| 2 | 43/18 | സി എച്ച് റോഡ് മെറ്റലിംഗ്&ടാറിംഗ് - വാർഡ് 17 | 1715001051000000001 | 179മീറ്റർ |
| 3 | 34/18 | നാലാം കല്ല് കുഞ്ചേരി റോഡ് റീടാറിംഗ് വാർഡ് 15 | 171510014100000002 | 290 മീറ്റർ |
| 4 | 201/18 | നാലാം കല്ല് കുഞ്ചേരി റോഡ് റീടാറിംഗ് - വാർഡ് 15 | 171500104000000002 | 200 മീറ്റർ |

മേൽ കാണിച്ചവയിൽ റോഡുകളുടെ പേരുകൾ ഒന്നാണെങ്കിലും ആസ്തി നമ്പർ, നീളം എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ പറഞ്ഞ അപാകതകൾ എത്രയും വേഗം പരിഹരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-23 മുടങ്ങിക്കിടക്കുന്ന പദ്ധതികൾ

1. ഗ്യാസ് ക്രിമിറ്റോറിയം.

പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 6 ാം വാർഡിലുള്ള പൊതു ശ്മശാനത്തിൽ ഗ്യാസ് ക്രിമിറ്റോറിയം പണിയുന്നതിനായി 2014-15 ലാണ് 53.15 ലക്ഷം രൂപ അടങ്കലിൽ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. നിർമ്മാണം കോസ്റ്റ് ഫോർഡ് മുഖേന നടപ്പിലാക്കുന്നതിനായി സ്ഥാപനവുമായി കരാർ വെയ്ക്കുകയും എസ്റ്റിമേറ്റ് തുകയുടെ (53.15) 20 % തുകയായ 10.63 ലക്ഷം ഡി ഡി നം.168810/22.7.15 പ്രകാരം മുൻകൂർ കൈമാറുകയും ചെയ്തു. 6 മാസമായിരുന്നു കരാർ കാലാവധി. ( കരാർ തിയതി 7.7.15) എന്നാൽ നാളിതുവരെയായി കോസ്റ്റ് ഫോർഡ് യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല എന്നുമാത്രമല്ല കരാർ

പുതുക്കുകയും ചെയ്തിട്ടില്ല. 2 വർഷത്തിലേറെയായി ഏജൻസിയുടെ കൈയിൽ മൃത നിക്ഷേപമായി കിടക്കുകയാണ് തുക. പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ നിന്നുതന്നെ ശക്തമായ ഇടപെടലുകളുണ്ടാകേണ്ടതും, പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വരുന്ന പക്ഷം ഏജൻസിയ്ക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. എസ്.സി വനിത മിനി വ്യവസായ കേന്ദ്രം.

എസ്.സി വനിത മിനി വ്യവസായ കേന്ദ്രം നിർമ്മാണം 2014-15 വർഷത്തിൽ 20 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണ്. നിർമ്മിതി കേന്ദ്രം മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. നാളിതുവരെയായി പദ്ധതിയ്ക്കായി താഴെ പ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1 ഡി ഡി നം. 871911/31.3.15 തുക 4,00,000/-

2 ഡി ഡി നം. 619924/29.2.16 തുക 4,00,000/-

3 ഡി ഡി നം. 620580/18.3.16 തുക 4,00,000/-

4 ബിൽ നം 16/23.2.17 തുക 8,00,000/-

20 ലക്ഷം രൂപ ചെലവഴിച്ചിട്ടും കെട്ടിടം ഇതുവരെ പ്രവർത്തന സജ്ജമായിട്ടില്ല. എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ, ഫ്ലോറിംഗ് എന്നിവ ഉൾപ്പെടുത്തിയിരുന്നില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തി നിർമ്മിതി കേന്ദ്രം പൂർത്തീകരിക്കുകയും കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും നിലവിലും കെട്ടിടം ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല. ഈ വിഷയത്തിലും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധപതിയേണ്ടതാണ്

## 3-24 ബഡ്സ് സ്കൂൾ-അംഗീകാരം നേടാതെ പ്രവർത്തിക്കുന്നു

പ്രോജക്റ്റ് – ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യം, ദൈനംദിന ചെലവുകൾ, അധ്യാപകർക്കുള്ള ഓണറേറിയം.

പ്രോജക്റ്റ് നമ്പർ - 181/18

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് - 2,81,088/-

ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്സ് സ്കൂളിന്റെ (നവംബർ /17മുതൽ അധ്യാപികയും, ആയയും, ജനവരി/18 മുതൽ വിദ്യാർത്ഥികളുമായി) പ്രവർത്തനം ആരംഭിച്ചു. ബഡ്സ് സ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സർക്കാർ നിർദ്ദേശങ്ങൾ കൂടി പാലിക്കപ്പെടേണ്ടതുണ്ട്.

1) നിലവിൽ 15വയസ്സിന് താഴെയുള്ള 15 കുട്ടികളുമായി ബഡ്സ് സ്കൂൾ എന്ന നിലയിലാണ് സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇവരിൽ ചിലർ വരും വർഷങ്ങളിൽ 16 വയസ്സ് ആകുമെന്നതിനാലും, 16 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാരായ മറ്റുകുട്ടികളെക്കൂടി ഉൾപ്പെടുത്തേണ്ടതിനാൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററായി മാറ്റാൻ ഉദ്ദേശിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. നിലവിൽ ബഡ്സ് സ്കൂളായി പ്രവർത്തിക്കുന്നതിനാൽ സ.ഉ (എം.എസ്) നം. 20/2018/ ത.സ്വ.ഭ.വ തീ.07/02/18 ഖണ്ഡിക 2 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ സ്ഥാപനം ഇതുവരെ അംഗീകാരം വാങ്ങിയിട്ടില്ല.

ബഡ്സ് സ്കൂൾ പ്രാരംഭ ദിശയിലായതിനാലും കെട്ടിട നമ്പർ ലഭിക്കുന്നതിന് സമയമെടുക്കുമെന്നതിനാലും (നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തോട് അനുബന്ധമായി പ്രവർത്തിക്കുന്നു.) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. അടുത്ത സാമ്പത്തിക

വർഷത്തിനുള്ളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്.

മേൽ ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ് (ബഡ്സ് സ്കൂൾ) /സാമൂഹ്യ നീതി വകുപ്പ് (ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ) ഇവയിൽ നിന്നുള്ള അനുമതി എത്രയും വേഗം വാങ്ങേണ്ടതാണ്.

2) 2017-18 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്) നം.80/2017 /ത.സ്വ.ഭ.വ തീ.03/04/2017 ഖണ്ഡിക.10.5(2) പ്രകാരം ബഡ്സ് സ്കൂൾ /ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്കായി വാഹനം വാങ്ങുന്നതിന് പകരം വാടക അടിസ്ഥാനത്തിൽ വാഹനം എടുക്കാവുന്നതും വാടക തനത് ഫണ്ടിൽ വകയിരുത്താവുന്നതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ വാഹന വാടക വികസന ഫണ്ട് (ജനറൽ) നല്കിയിട്ടുള്ളത്. തുടർ വർഷത്തിൽ വാഹന വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 28/20.10.18)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000* | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി | 200000 | 0 |
| ,, | ,, | 300000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 299891 | 109 |
| ,, | 2016-17 | 225000 | ,, ,, | 194699 | 30301 |
| ,, | 2017-18 | 300000 | ബഡ്സ് സ്കൂൾ | - | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 425000* | നെൽകൃഷി വികസനം | 425000 | 0 |
| ,, | ,, | 300000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |

വാർഷിക കണക്കിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. അപാകതയായി 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ KSEB ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | വൗച്ചർ നം/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ വലിക്കൽ,പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ/22/18 | 21701103/5.6.17 | 148290 | 0 | 148290 |
| കെ.എസ്.ഇ.ബി | എല്ലാ വാർഡു കളിലും ഇലക്ട്രിക് ലൈൻ വലിക്കൽ/20/18 | 21700965/7.6.17 | 256245 | 0 | 256245 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ/234/18 | 21701031/26.2.18, 21700981/30.10.17 21700982/30.10.17 | 150499 | 0 | 150499 |
| കെ.എസ്.ഇ.ബി | കോൾപ്പടവിലേക്ക് ലൈൻ വലിക്കൽ | 21701122/21.3.18 | 368068 | 0 | 368068 |
| കെ.എസ്.ഇ.ബി | കോൾപ്പടവിലേക്ക് ലൈൻ വലിക്കൽ | 21701138/21.3.18 | 131932 | 0 | 131932 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ വലിക്കൽ/229/18 | 21700980/30.10.17 | 443755 | 0 | 443755 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ വലിക്കൽ/229/18 | 21701006/23.1.18 | 89810 | 0 | 89810 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ വലിക്കൽ/229/18 | 21701030/26.2.18 | 166435 | 0 | 166435 |

ഡെപ്പോസിറ്റ് നല്കിയ തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ B18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല. ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച | വർഷാവ സാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 1056/2010/ 26.03.2010 | 11599800 | 311465 | 311465 | 0 | 0 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 4-3-2-12 | 2014-15 | 4.3.12 | മല്ലിക, പുന്നയൂർ ഹൗസ് പുന്നയൂർ എന്നയാൾക്ക് കർഷകത്തൊഴിലാളി പെൻഷൻ രണ്ടു തവണ അനുവദിച്ചു. അധികം നൽകിയത് തിരിച്ചടക്കണം | 4,800/- രൂപ 11504104874/ 28.03.2016 രശീതി പ്രകാരം തിരികെ ഈടാക്കി 27/29.03.2016 ചലാൻ പ്രകാരം കർഷകത്തൊഴിലാളി പെൻഷൻ ഹെഡിൽ തിരിച്ചടച്ചു. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70287491 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88715501 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25000 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10167697 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 25000 | സയിദാബീഗം, അസി.സെക്രട്ടറി |
| ആകെ | | 25000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 137200 | സെക്രട്ടറി ഇൻ ചാർജ്ജ് -സയിദാബീഗം, (അസി.സെക്രട്ടറി) |
| " " | 59747 | അനിൽകുമാർ.ജി, സെക്രട്ടറി |
| 3-5 | 300000 | ഷാജി.ടി.എച്ച്, സെക്രട്ടറി |
| 3-6 | 418405 | അനിൽകുമാർ.ജി, സെക്രട്ടറി |
| 3-8 | 5207726 | അനിൽകുമാർ.ജി, സെക്രട്ടറി |
| | 1500898 | സെക്രട്ടറി ഇൻ ചാർജ്ജ് -സയിദാബീഗം, (അസി.സെക്രട്ടറി) |
| | 629535 | ഷാജി.ടി.എച്ച്, സെക്രട്ടറി |
| 3-9 | 47000 | അനിൽകുമാർ.ജി, സെക്രട്ടറി |
| 3-10 | 400000 | ഷാജി.ടി.എച്ച്, സെക്രട്ടറി |
| | 74505 | സെക്രട്ടറി ഇൻ ചാർജ്ജ് -സയിദാബീഗം, (അസി.സെക്രട്ടറി) |
| 3-12 | 460000 | പ്രമോദ്. പി.ആർ, വി ഇ ഒ (എടക്കഴിയൂർ സർക്കിൾ) |
| 3-14 | 558481 | സുജീഷ്. എസ്, കൃഷി ഓഫീസർ |
| 3-15 | 421200 | സുജീഷ്. എസ്, കൃഷി ഓഫീസർ |
| ആകെ | 9693192 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സയിദാബീഗം, അസി.സെക്രട്ടറി | കാവശ്ശേരി ഗ്രാമപഞ്ചായത്ത് | വെളിയിൽ വടക്കതിൽ,പട നോർത്ത് കരുനാഗപ്പള്ളി |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 65-66മുതൽ 93-94 വരെ | നം.എൽ.എഫ്.ടി.(എസ്2) -1315/11/ 14-07.2011 |
| 96-97 | നം എൽ എഫ് ടി 17/560 /98/30-08-98 / 31-12-98 |
| 97-98 | നം എൽ എഫ് ടി 13/14/1456 /04-02-05 |
| 98-99 | നം എൽ എഫ് ടി 13/1455 /04/02-05-05 |
| 99-00 | നം എൽ എഫ് ടി 13/1454 /04/02-05-05 |
| 00-01 | നം എൽ എഫ് ടി 13/1453 /04/02-05-05 |
| 01-02 | നം എൽ എഫ് ടി 13/1203 /03/11-05-04 |
| 02-03 | നം എൽ എഫ് ടി 13/1030 /08/31-03-09 |
| 03-04 | നം എൽ എഫ് ടി 13/1031 /08/31-03-09 |

| | |
|---|---|
| 04-05 | നം എൽ എഫ് ടി13/1032 /08/31-03-09 |
| 05-06 | നം എൽ എഫ് ടി 13/238 /10/28-01-2011 |
| 07-08 | നം എൽ എഫ് ടി 13/1215 /10/24-02-11 |
| 08-09 | നം എൽ എഫ് ടി 13/1216 /10/,26-02-11/06-09-11 |
| 09-10 | നം എൽ എഫ് ടി പി 4/1094 /12,12-09-12 /5-03-13 |
| 10-11 | നം എൽ എഫ് ടി പി 4/1095 /12,12-09-12 /05-03-13 |
| 11-12 | നം എൽ എഫ് ടി പി 8/195/1407-02-14 / 08-04-14 |
| 12-13 | നം എൽ എഫ് ടി പി 8/1761 /1410-06-15 /3-08-15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി8)1180/16/15.2.16/8.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി8)1227/2016, 24.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി8)6/2017, 27.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (പി8)1714/2017, 29.11.2017/11.12.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം(AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്